VOL NO: 08 I ISSUE 05
2024 FEBRUARY 03 I ₹10

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com



പ്രകൃതിയുടെ ക്രമസ്വഭാവത്തെ ഗണിത ഭാഷയിലേക്ക് മാറ്റിയെഴുതുക എന്നതിലുപരി പ്രപഞ്ച സൃഷ്ടിപ്പിന്റെ മൂലകാരണമെന്തെന്ന് മനസ്സിലാക്കാനോ അതിന്ന് പിന്നിലെ നിയാമക ശക്തിയെന്തെന്ന് വിശദീകരിക്കാനോ ഭൗതികശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രപഞ്ച സ്രഷ്ടാവിന്റെ അധ്യാപനങ്ങളാണ് മതദർശനമെന്ന് അംഗീകരിക്കാത്തിടത്തോളം കാലം ശാസ്ത്ര വിഷയങ്ങളിൽ ഇക്കാര്യം ഇടംപിടിക്കാൻ സാധ്യതയില്ല താനും.

## ദൈവാസ്തിത്വവും ഭൗതിക സമവാക്യങ്ങളും

### സമാധാനഗേഹത്തിലേക്കുള്ള വഴി തീവ്രതയല്ല

- || മൊബൈൽ അഡിക്ഷൻ ജീവനെടുക്കുമ്പോൾ
- || കപടവിശ്വാസികൾക്ക് ഭാരമേറിയ നമസ്കാരങ്ങൾ
- || സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0367
# നേർപഥം
വാരിക

2024 ഫെബ്രുവരി 03
1445 റജബ് 22
പുസ്തകം 08 / ലക്കം 05





Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

10 കവർ സ്റ്റോറി



## ദൈവാസ്തിത്വവും ഭൗതിക സമവാക്യങ്ങളും

**ശാഹുൽ പാലക്കാട്**

പ്രകൃതിയുടെ ക്രമസ്വഭാവത്തെ ഗണിത ഭാഷയിലേക്ക് മാറ്റിയെഴുതുക എന്നതിലുപരി പ്രപഞ്ച സൃഷ്ടിപ്പിന്റെ മൂലകാരണമെന്തെന്ന് മനസ്സിലാക്കാനോ അതിന്ന് പിന്നിലെ നിയാമക ശക്തിയെന്തെന്ന് വിശദീകരിക്കാനോ ഭൗതികശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രപഞ്ച സ്രഷ്ടാവിന്റെ അധ്യാപനങ്ങളാണ് മതദർശനമെന്ന് അംഗീകരിക്കാത്തിടത്തോളം കാലം ശാസ്ത്ര വിഷയങ്ങളിൽ ഇക്കാര്യം ഇടംപിടിക്കാൻ സാധ്യതയില്ല താനും.

**05** മുഖമൊഴി
സമാധാന ഗേഹത്തിലേക്കുള്ള വഴി തീവ്രതയല്ല

**06** ലേഖനം
നിരർത്ഥക ജല്പനങ്ങൾ
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

**19** ലേഖനം
സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**25** കാഴ്ച
മക്കൾക്കിതെന്തു പറ്റി?
ഇബ്നു അലി എടത്തനാട്ടുകര

**26** വിമർശനം
ജമാഅത്ത് താത്വികാചാര്യന് പിഴച്ചത് തൗഹീദിൽ തന്നെ!
മൂസ സ്വലാഹി കാര

**29** ഹദീസ് പാഠം
കപടവിശ്വാസികൾക്ക് ഭാരമേറിയ നമസ്കാരങ്ങൾ
നൂറുദ്ദീൻ സ്വലാഹി, വെട്ടത്തൂർ

**30** കുടുംബ പഥം
മൊബൈൽ അഡിക്ഷൻ കുഞ്ഞുങ്ങളുടെ ജീവനെടുക്കുമ്പോൾ
ഡോ. യാസ്മിൻ എം അബ്ബാസ്,പട്ടാമ്പി

**32** ജാലകം
ഔചിത്യബോധം
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**34** ബാലപഥം
നല്ല മനസ്സ്
ആശയവിവർത്തനം:
റാഷിദ ബിൻത് ഉസ്മാൻ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# 'ക്യാമ്പസ് കോൺക്ലേവ്' സമാപിച്ചു

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച 'ക്യാമ്പസ് കോൺക്ലേവ്' സമാപിച്ചു. കേരളത്തിലെ വിവിധ ആർട്സ്&സയൻസ് ക്യാമ്പസുകളിലെ വിദ്യാർഥി-വിദ്യാർഥിനി പ്രതിനിധികൾക്കു വേണ്ടിയാണ് സംഗമം ഒരുക്കിയത്.

ദിശയറിയാതലയുന്ന ക്യാമ്പസ് കൗമാരത്തിന് ധാർമികതയുടെയും മതബോധത്തിന്റെയും നല്ല പാഠങ്ങൾ പകർന്നുനൽകാനുള്ള പദ്ധതികൾ സംഗമത്തിൽ ആവിഷ്‌കരിച്ചു. ഫെബ്രുവരി 25ന് നടക്കുന്ന 'മീറ്റ് ദ സ്‌കോളേഴ്‌സ്,' റമദാനിൽ നടത്തുന്ന 'അൽബയാൻ ക്വുർആൻ കോണ്ടസ്റ്റ്,' 'ക്യാമ്പസ് ഇഫ്ത്വാർ മീറ്റ്,' 'ഇൻ ദ ഷേഡ് ഓഫ് ക്വുർആൻ' തുടങ്ങിയ പരിപാടികൾക്ക് സംഗമം അന്തിമരൂപം നൽകി. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് ഷമീൽ ടി. ഉദ്ഘാടനം ചെയ്തു. ജമാൽ ചെറുവാടി, ലുബൈബ് പി, ഡോ. ഷഹബാസ് കെ അബ്ബാസ്, ശംജാസ് കെ അബ്ബാസ് എന്നിവർ വിവിധ സെഷനുകളിൽ വിഷയങ്ങൾ അവതരിപ്പിച്ചു. സംസ്ഥാന ക്യാമ്പസ് വിംഗ് ചെയർമാൻ സ്വഫ്‌വാൻ ബറാമി അൽഹികമി, വൈസ് ചെയർമാൻ അബ്ദുൽ മാജിദ് ചുങ്കത്തറ, കൺവീനർ ഷാനിബ് കാര, ബർജീസ് കൊടിയത്തൂർ, സിയാദ് അരീക്കോട് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

# കേരള യൂത്ത് കോൺഫറൻസ്; ഒരുക്കങ്ങൾ പുരോഗമിക്കുന്നു

മലപ്പുറം: 'യുവത്വം നിർവചിക്കപ്പെടുന്നു' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി ഫെബ്രുവരി 10,11 (ശനി, ഞായർ) ദിവസങ്ങളിൽ മലപ്പുറത്തുവച്ച് നടത്തുന്ന കേരള യൂത്ത് കോൺഫറൻസിന്റ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി സ്വാഗതസംഘകമ്മിറ്റി യോഗം വിലയിരുത്തി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷനായി. കോൺഫറൻസിനോടനുബന്ധിച്ച് കേരളത്തിന്റ വിവിധ ജില്ലകളിലും മണ്ഡലങ്ങളിലും യൂണിറ്റുകളിലു മായി നടന്ന വ്യത്യസ്ത പരിപാടികളെക്കുറിച്ച് അവലോകനം നടത്തി.

ലഹരിവിരുദ്ധ ബോധവൽക്കരണ ഭാഗമായി ടോക് ഷോ, 'ലിബറലിസം സർവനാശം' എന്ന വിഷയത്തിൽ ജനകീയ വിചാരണ, സൗഹൃദ സംഗമങ്ങൾ, വർഗീയ-ഫാഷിസ്റ്റ് ആശയങ്ങൾക്കെതിരെയുള്ള ടേബിൾ ടോക്കുകൾ, ലഹരിക്കെതിരെയുള്ള ബോധവത്ക്കരണം ലക്ഷ്യമാക്കി സംഘടിപ്പിച്ച ടോക് ഷോകൾ, ടാലന്റ്‌ലീഗ് വൈജ്ഞാനിക മത്സരങ്ങൾ, അന്യ സംസ്ഥാന തൊഴിലാളി സംഗമങ്ങൾ, തീരദേശ സമ്മേളനങ്ങൾ, ആദർശ മുഖാമുഖങ്ങൾ, വിവിധ വിഷയങ്ങളിലുള്ള വർക്‌ഷോപ്പുകൾ, സന്ദേശപ്രയാണം, സൗഹൃദഹസ്തം, ഗൃഹസന്ദർശനങ്ങൾ, തസ്ഫിയ ആദർശ സമ്മേളനങ്ങൾ, പൊതുപ്രഭാഷണങ്ങൾ, സന്ദേശദിനം, വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന യുവതി-യുവാക്കൾക്കുള്ള പ്രീമാരിറ്റൽ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ യൂത്ത്കോൺഫറൻസിന്റ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നടന്നുവരുന്നു.

യുവാക്കളെ സാമൂഹികസേവന സജ്ജരാക്കുക, രാഷ്ട്രനിർമാണ പ്രവർത്തനങ്ങളിൽ പങ്കാളികളാ കാൻ പ്രേരിപ്പിക്കുക, ഭീകരവാദ-തീവ്രവാദ ആശയങ്ങൾക്കെതിരെ പ്രബുദ്ധരാക്കുക, സമാധാന സന്ദേശ പ്രചാരണത്തിൽ പങ്കാളികളാക്കുക, തൊഴിൽ നൈപുണ്യം നേടുന്നതിനൊപ്പം സത്യസന്ധതയുടെയും ആത്മാർഥയുടെയും അനിവാര്യത ബോധ്യപ്പെടുത്തുക, അന്ധവിശ്വാസ-അനാചാരങ്ങളിൽ നിന്ന് മുക്തമാകാൻ സമൂഹത്തെ ബോധവൽകരിക്കുക, സാഹോദര്യവും സഹവർത്തിത്വവും ജീവിതശൈലിയായി സ്വീകരിക്കുന്ന സമൂഹത്തെ വാർത്തെടുക്കുക എന്നിവയെല്ലാം സമ്മേളന ലക്ഷ്യമാണ്.

സംസ്ഥാന ഭാരവാഹികളായ ടി.കെ നിഷാദ് സലഫി, അൻഫസ് മുക്റം, ഡോ.പി.പി.നസീഫ്, ഡോ .അബ്ദുൽ മാലിക് പി.പി, സിനാജുദ്ദീൻ, മുസ്തഫ മദനി, ജംഷീർ സ്വലാഹി, ഫിറോസ് സ്വലാഹി, യു. മുഹമ്മദ് മദനി, അബ്ദുൽ ഖാദർ പറവണ്ണ, റഫീഖ് അലി ഇരിവേറ്റി പ്രസംഗിച്ചു.

# സമാധാന ഗേഹത്തിലേക്കുള്ള വഴി തീവ്രതയല്ല

സുസ്ഥിര സമാധാന സങ്കേതമായ സ്വർഗലോകത്തേക്ക് മുഴുവൻ ജനങ്ങളെയും ക്ഷണിക്കുവാനുള്ള ദൗത്യവുമായാണ് മുഹമ്മദ് നബി(സ്വ) ആഗതനായത്. അതുകൊണ്ട് തന്നെ അസമാധാനത്തിന്റെയും അശാന്തിയുടെയും അടയാളമായ തീവ്രതയും അതിരുകവിയലും ഒരിക്കലും അംഗീകരിച്ചില്ല. കാരണം അത് നാശവും മടുപ്പുമാണ്. അത് ഉന്മൂലനവും സങ്കുചിതത്വവുമാണ്. അത്തരത്തിലുള്ള എല്ലാ ഭാരങ്ങളും വിലങ്ങുകളും ജനതയിൽനിന്ന് ഇറക്കിവെക്കുവാനാണ് അല്ലാഹു വിശേഷിപ്പിച്ചതുപോലെ അദ്ദേഹം പ്രയത്നിച്ചത്: “...അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു...” (7:157).

ഒരാൾ വന്ന് നബി(സ്വ)യോട് പരാതിപ്പെട്ടു: ‘ഇന്നയാൾ നമസ്കാരം ദീർഘിപ്പിക്കുന്നത് നിമിത്തം ഞാൻ സുബ്ഹി നമസ്കാരത്തിന് വൈകിയാണ് ചെല്ലുന്നത്.’ ഒരു ഉപദേശത്തിലും അന്നത്തെക്കാൾ നബി(സ്വ) കുപിതനായത് ഞാൻ കണ്ടിട്ടില്ല എന്ന് ഇബ്നുമസ്ഊദ്(റ) ഓർക്കുന്നു. ശേഷം റസൂൽ(സ്വ) പറഞ്ഞു: ‘ഹേ, ജനങ്ങളേ, നിങ്ങളിലുണ്ട് ആളുകളെ വെറുപ്പിക്കുന്നവർ. അതിനാൽ നിങ്ങളിൽ ആരെങ്കിലും ജനങ്ങൾക്ക് ഇമാമാകുന്ന പക്ഷം ചുരുക്കി നമസ്കരിക്കട്ടെ. കാരണം അവന്റെ പിന്നിൽ വൃദ്ധരും ദുർബലരും മറ്റാവശ്യങ്ങൾക്കു പോകേണ്ടവരും ഉണ്ടാകും” (ബുഖാരി).

ഇസ്‌ലാമിലെ കർമാനുഷ്ഠാനങ്ങളിൽ പ്രധാനമായ നമസ്കാരത്തിൽ പോലും; അത് സംഘമായി നിർവഹിക്കുമ്പോൾ മിതത്വം പാലിക്കണമെന്ന് മതം നിഷ്കർശിക്കുന്നു എന്നിരിക്കെ മറ്റെന്ത് തെളിവാണ് കാർക്കശ്യവർജനത്തിന് നമുക്ക് ലഭിക്കേണ്ടത്? ജമാഅത്ത് നമസ്കാരത്തിന്റെ ദൈർഘ്യം കാരണത്താൽ അതിൽ പങ്കെടുക്കാതെ ഒറ്റക്ക് നമസ്കരിച്ച വ്യക്തിയോട് ഒന്നും പറയാതെ ആ നമസ്കാരത്തിന് നേതൃത്വം നൽകിയ തന്റെ പ്രഗത്ഭനായ അനുചരനോട് ‘നീ വലിയ കുഴപ്പമുണ്ടാക്കുന്നവനാണോ’ എന്ന് ശകാരിച്ചു ഗുണദോഷിക്കുന്ന പ്രവാചകൻ! ഇമാം നമസ്കാരം ദീർഘിപ്പിക്കുന്നതിനാൽ ഞാൻ സുബ്ഹിക്ക് വൈകിയേ എത്താറുള്ളൂ എന്ന് പറഞ്ഞ വ്യക്തിയോട് മറുത്തൊന്നും പറയാതെ അതിനു കാരണക്കാരനായ ഇമാമുമാർ ‘ആളുകളെ വെറുപ്പിക്കുന്നവരാണ്’ എന്ന് പ്രഖ്യാപിച്ച പ്രവാചകൻ! ചെറിയ കുട്ടികളുടെ കരച്ചിൽ കേൾക്കുമ്പോൾ ജമാഅത്തിൽ പങ്കെടുക്കുന്ന അവരുടെ ഉമ്മമാർക്ക് പ്രയാസമുണ്ടാകുമല്ലോ എന്ന് കരുതി നമസ്കാരം ലഘൂകരിക്കുന്ന പ്രവാചകൻ! മതത്തെ പഠിച്ചറിയുന്നവർക്ക് ഇസ്‌ലാമിന്റെ മധ്യമ നിലപാടും ജനങ്ങളെ ബുദ്ധിമുട്ടിക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ലെന്ന സന്ദേശവുമാണ് നബി(സ്വ) ഇതിലൂടെയെല്ലാം നൽകുന്നത്.

മറ്റൊരു പ്രധാന ആരാധന കർമമായ നോമ്പിനെപ്പറ്റി പരാമർശിക്കുമ്പോൾ അല്ലാഹു പറഞ്ഞത് കാണുക: “...ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). നിങ്ങൾക്ക് ആശ്വാസം വരുത്തുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കുവാൻ അവൻ ഉദ്ദേശിക്കുന്നില്ല...” (ക്വുർആൻ 2:185).


അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്വ്(റ) പറയുകയാണ്: “ഞാൻ രാത്രിയിൽ നമസ്കരിക്കുകയും തുടർച്ചയായി നോമ്പെടുക്കുകയും ചെയ്യുന്ന കാര്യം നബി(സ്വ) അറിഞ്ഞു. അങ്ങനെയിരിക്കെ എന്റെയടുത്തേക്ക് ആളെ അയച്ചു (ഞാനുമായി കണ്ടുമുട്ടി). തിരുമേനി(സ്വ) പറഞ്ഞു: ‘നീ എന്നും നോമ്പെടുക്കുകയും എല്ലാ രാത്രിയും നമസ്കരിക്കുകയും ചെയ്യുന്നു എന്ന് എനിക്ക് വിവരം കിട്ടിയിരിക്കുന്നു. അങ്ങനെ ചെയ്യരുത്. താങ്കളുടെ കണ്ണുകളോട് താങ്കൾക്ക് കടമകളുണ്ട്. താങ്കളുടെ ശരീരത്തോട് താങ്കൾക്ക് കടപ്പാടുകളുണ്ട്. താങ്കളുടെ ഭാര്യയോട് താങ്കൾക്ക് ബാധ്യതയുണ്ട്. താങ്കളെ സന്ദർശിക്കുന്നവരോടും കടപ്പാടുകളുണ്ട്” (മുസ്‌ലിം, നസാഈ). ■

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
9447 701 741

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 48

# നിരർഥക ജല്പനങ്ങൾ

ഇസ്‌ലാം മതം, ഖാദിയാനി ഭാഷ്യത്തിൽ 'മുഹമ്മദീയ മതം' അത്യാസന്നനിലയിലായിരിക്കുന്ന അവസ്ഥയിൽ അതിനെ മസീഹീ മുഅ്ജിസത്തിലൂടെ പുനരുജ്ജീവിപ്പിക്കാൻ നിയോഗിക്കപ്പെട്ടവനാണ് താനെന്ന അഹങ്കാരം പ്രതീകാത്മകമായി അവതരിപ്പിക്കുകയാണ് മിർസാ ഖാദിയാനി. പക്ഷേ, ഖാദിയാനിസത്തിന്റെ ചരിത്രം പഠിച്ചവർക്കും ഇപ്പോൾ അവരുടെ ചെയ്തികൾ ശ്രദ്ധിക്കുന്നവർക്കും അറിയാം, ഇസ്‌ലാം മതത്തിന് ഏതുതരത്തിലുള്ള 'നവജീവൻ' ആണ് അവർ നൽകുന്നത് എന്ന്. മിർസക്ക് മുമ്പും ശേഷവും ഇസ്‌ലാം നിലനിന്നിട്ടുണ്ട്, നിലനിൽക്കുന്നുണ്ട്.



### മുഹമ്മദീയ മതം അത്യാസന്നനിലയിൽ!

ഈ ശീർഷകത്തിൽ ഖാദിയാനി പ്രവാചകന്റെ ഒരു ദർശനം കൂടി വിവരിക്കാം. "കുറച്ചു ദിവസങ്ങൾക്കു മുമ്പ് വിളർച്ച ബാധിച്ച് മരണാസന്നനായ ഒരു മനുഷ്യനെ കണ്ടു. അവൻ സ്വയം പരിചയപ്പെടുത്തി: 'ഞാൻ ദീനെ മുഹമ്മദ് ആകുന്നു.' മുഹമ്മദീയമതം ആണെന്ന് എന്റെ മനസ്സിലേക്ക് ഇട്ടുതന്നു. എനിക്ക് ഒരു ശരീരമായി കാണിച്ചതാണ്. ഞാൻ അവനെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: 'നീ എന്റെ കൈകളാൽ സുഖം പ്രാപിക്കും" (പേജ് 145).

ഇതുവരെ പറഞ്ഞ ഇൽഹാമിയോപ്പതിയിൽനിന്ന് വ്യത്യസ്തമായി ഒരു സിംബോളിക് ദർശനമാണിത്. ഇസ്‌ലാം മതം, ഖാദിയാനി ഭാഷ്യത്തിൽ 'മുഹമ്മദീയ മതം' അത്യാസന്നനിലയിലായിരിക്കുന്ന

അവസ്ഥയിൽ അതിനെ മസിഹീ മുഅ്ജിസത്തിലൂടെ പുനരുജ്ജീവിപ്പിക്കാൻ നിയോഗിക്കപ്പെട്ടവനാണ് താനെന്ന അഹങ്കാരം പ്രതീകാത്മകമായി അവതരിപ്പിക്കുകയാണ് മിർസാ ഖാദിയാനി. പക്ഷേ, ഖാദിയാനിസത്തിന്റെ ചരിത്രം പഠിച്ചവർക്കും ഇപ്പോൾ അവരുടെ ചെയ്തികൾ ശ്രദ്ധിക്കുന്നവർക്കും അറിയാം, ഇസ്‌ലാം മതത്തിന് ഏതുതരത്തിലുള്ള 'നവജീവൻ' ആണ് അവർ നൽകുന്നത് എന്ന്. മിർസക്ക് മുമ്പും ശേഷവും ഇസ്‌ലാം നിലനിന്നിട്ടുണ്ട്, നിലനിൽക്കുന്നുണ്ട്.

### ബാക്കി പണമെവിടെ?

മോഷണംപോയ 47 രൂപയടക്കം മൊത്തം 1724 രൂപയുടെ മണിയോർഡർ വഹ്‌യുകളാണ് 'തദ്കിറ' യിൽനിന്ന് നാം എടുത്തെഴുതിയത്. എന്നാൽ 'ഹഖീഖതുൽ വഹ്‌യി'ൽ മിർസാ ഖാദിയാനിയുടെ അവകാശവാദം കാണുക: "പോസ്റ്റ് ഓഫീസിലൂടെയും നേരിട്ടും അല്ലാഹുവിൽനിന്ന് എനിക്ക് വളരെയേറെ പണം വന്നിട്ടുണ്ട്. എത്ര ആയിരം വന്നു എന്നതിന് ഒരു കൈയും കണക്കുമില്ല. സംശയമുള്ളവർ 1905 മുതൽ കഴിഞ്ഞവർഷം വരെയുള്ള പോസ്റ്റ് ഓഫീസ് രജിസ്റ്റർ പരിശോധിക്കട്ടെ"(പേജ് 332).

ഖാദിയാനികളുടെ വിശ്വാസ പ്രകാരം 'ലോകാവസാനം വരേക്കുമുള്ള മനുഷ്യവർഗത്തിന് മാർഗദർശനമാവേണ്ട ഗ്രന്ഥത്തിലാണ്' താൻ പറഞ്ഞത് സത്യമാണ് എന്നതിന് തെളിവായി ഖാദിയാനിലെ പോസ്റ്റ് ഓഫീസിലെ എംഒ റജിസ്റ്റർ പരിശോധിക്കാൻ പറയുന്നത്. അതിരിക്കട്ടെ, നമുക്ക് ആ കണക്ക് അത്ര കൃത്യമായി അറിയേണ്ട കാര്യമില്ലല്ലോ. അതുകൊണ്ടുതന്നെ ഖാദിയാനിലെ തപാൽ ഓഫീസിൽ പോകേണ്ടതും ഇല്ല. എന്നാൽ തുടർന്ന് പറയുന്ന മറ്റൊരു കാര്യമുണ്ട്. അതിന് അനുയായികൾ മറുപടി പറയാൻ ബാധ്യസ്ഥരാണ്. അടുത്ത പേജിൽ മിർസ എഴുതി: "വല്ലവനും എനിക്ക് പണമോ സമ്മാനമോ അയക്കുകയാണെങ്കിൽ ഇൽഹാമിലൂടെയോ സ്വപ്നത്തിലൂടെയോ അക്കാര്യം നേരത്തെതന്നെ എന്നെ അറിയിക്കുക എന്നതാണ് അല്ലാഹു സ്വീകരിച്ച രീതി. ഇത്തരം അമ്പതിനായിരത്തിലേറെ അടയാളങ്ങൾ എനിക്കുണ്ടായിട്ടുണ്ട്" (പേജ് 333).

1907ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിലാണ് ഇതെഴുതിയത്. 1860കളുടെ തുടക്കം മുതൽ 1908 മെയ് 26ന് മരിക്കുന്നതുവരെയുള്ള അമ്പതോളം വർഷങ്ങളിലെ പ്രസിദ്ധീകരിക്കാത്ത ഗ്രന്ഥങ്ങളിൽനിന്നും അനുയായികൾ പറഞ്ഞുകേട്ടതും ഒറ്റയും തെറ്റയുമായി തുടങ്ങി അദ്ദേഹത്തിന്റെതന്നെ ഭാഷയിൽ 'മഴ വർഷിക്കും പോലെ' അവതരിച്ച വഹ്‌യ് മുഴുവൻ 'തദ്കിറ'യിൽ ക്രോഡീകരിച്ചിട്ടുണ്ട്. പണം ലഭിച്ചതുമായി ബന്ധപ്പെട്ട് മാത്രം അമ്പതിനായിരം അടയാളങ്ങൾ ഉണ്ടായി എന്ന് പറയുമ്പോൾ,



അതും മഹത്തായ ഗ്രന്ഥം എന്ന് അവകാശപ്പെടുന്ന 'ഹഖീഖതുൽ വഹ്‌യി'ൽ രേഖപ്പെടുത്തുമ്പോൾ, അത് നേരത്തെ ശരംപത്തിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ 99 ശതമാനം നുണയാണെന്ന് സമ്മതിക്കേണ്ടിവരും.

### നിരർഥക ജല്പനങ്ങൾ

മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ ഇനി പറയുന്ന 'വഹ്‌യു'കളും 'ദർശന'ങ്ങളും വായിക്കുന്നവർക്ക് അവയുടെ ആശയമോ അർഥമോ മനസ്സിലാക്കാൻ സാധിക്കില്ല. എന്നല്ല, അവതരിപ്പിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്ന ആൾക്ക് പോലും അതിന് സാധിച്ചിട്ടില്ല. ഇത് വെറും ആരോപണമാണെന്ന് അനുയായികൾ പറയുമെങ്കിലും അവരുടെ പ്രവാചകൻ വളരെ വ്യക്തമായിത്തന്നെ 'അവയുടെ ആശയം മനസ്സിലായിട്ടില്ല, വിശദീകരിച്ചു തന്നിട്ടില്ല, അല്ലാഹു അഅ്‌ലം' എന്നൊക്കെ എഴുതിവച്ചത് കാണാം.

### ഒബ്ജക്റ്റീവ് ടൈപ്പ്!

'തദ്കിറ'യിലെ 'വഹ്‌യു'കളിൽ ചിലത് ഒബ്ജക്റ്റീവ് ടൈപ്പാണ്. ഉദാഹരണങ്ങൾ കാണുക:

"1857 ഫെബ്രുവരി 13ന് അവതരിച്ച 'അബ്ദുൽ ബാസിത്' ആരെ ഉദ്ദേശിച്ചാണെന്നറിയില്ല. അല്ലാഹു അഅ്‌ലം" (പേജ് 117). 2004ലെ പതിപ്പിൽ പുതുതായി ചേർത്ത അടിക്കുറിപ്പിൽ ഹകീം നൂറുദ്ദീന്റെ ഒരു അവകാശവാദം എടുത്ത് എഴുതിയിട്ടുണ്ട്: 'എന്റെ ഇൽഹാമീ നാമമാണ് അബ്ദുൽ ബാസിത്.' ഇക്കാര്യം പക്ഷേ, 'വഹ്‌യ് ലഭിച്ചയാൾക്ക്' അറിയില്ല! ഇതെന്തുകൊണ്ട് ആദ്യ പതിപ്പുകളിൽ ചേർത്തില്ല? അദ്ദേഹം മരിച്ചു രണ്ടു പതിറ്റാണ്ടുകൾക്കു ശേഷമാണ് തദ്കിറ പ്രസിദ്ധീകരിക്കുന്നത്.

### Fairman, Association


"ഇന്ന് സ്വപ്നത്തിൽ വായിൽ വന്ന വാക്ക് 'Fair man' എന്നായിരുന്നു. ഇത് ആരെപ്പറ്റിയാണെന്ന് അറിയില്ല" (പേജ് 403). "ഒരു വെളുത്ത കടലാസിൽ ഒറ്റവാക്കിൽ എഴുതിയത് കണ്ടു; 'ഇഖ്ബാൽ.' അവസാനത്തെ വരിയിലായതുകൊണ്ട് അന്ത്യം ശുഭമാകും എന്ന് മനസ്സിലാവുന്നു"(പേജ് 293). "8.9.1906: 'അമീനുൽ മൂൽക് ജയ്സിംഗ് ബഹാദുർ" (പേജ് 568). ആരെക്കുറിച്ചാണെന്ന് ക്രോഡീകരിച്ചയാൾക്കും പറയാനായിട്ടില്ല.

"6.2.1907: 'തുഹ്ഫതുൽ മുലൂക്.' ഇതിന്റെ അർഥം ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല. എന്നാലും രാജാക്കന്മാരുമായി എന്തോ ബന്ധമുണ്ടെന്ന് അറിയാം" (പേജ് 590). ഈ അറബി വാക്കിന്റെ അർഥം'രാജാക്കന്മാരുടെ സമ്മാനം' എന്നായിരിക്കെ, രാജാക്കന്മാരുമായി എന്തോ ബന്ധമുണ്ടെന്ന ജ്ഞാനം വലിയ കാര്യം തന്നെയാണ്!

"26.3.1905. 'ചൗധരി റുസ്തം അലി" (പേജ് 447). "20.7.1907. 'അസോസിയേഷൻ" (പേജ് 613). ഈ രണ്ടു 'വഹ്‌യു'കൾക്കും ഖാദിയാനി 'പ്രവാചകനോ' ക്രോഡീകരിച്ചയാളോ ഒരു വിശദീകരണവും നൽകിയിട്ടില്ല.

### അസിസ്റ്റൻറ് സർജൻ

"7.4.1905: ഭൂകമ്പമുണ്ടായപ്പോൾ കടുത്ത


حقیقۃ الوحی

പണം ലഭിച്ചതുമായി ബന്ധപ്പെട്ട് മാത്രം അമ്പതിനായിരം അടയാളങ്ങൾ ഉണ്ടായി എന്ന് പറയുമ്പോൾ, അതും മഹത്തായ ഗ്രന്ഥം എന്ന് അവകാശപ്പെടുന്ന ‘ഹഖീഖതുൽ വഹ്‌യി’ൽ രേഖപ്പെടുത്തുമ്പോൾ, അത് നേരത്തെ ശരം പത്തിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ 99 ശതമാനം നുണയാണെന്ന് സമ്മതിക്കേണ്ടി വരും.

ദുഃഖത്തോടും പരിഭ്രാന്തിയോടും കൂടി പ്രാർഥനയിൽ മുഴുകി. അപ്പോൾ ഇൽഹാം അവതരിച്ചു: ‘അസിസ്റ്റൻറ് സർജൻ.’ ഉദ്ദേശ്യം എന്തെന്ന് മനസ്സിലായില്ല” (പേജ് 449).

ക്രോഡീകരിച്ചയാൾക്ക് കാര്യം ഭംഗിയായി മനസ്സിലായിട്ടുണ്ട്! അടിക്കുറിപ്പിൽ അത് ഇങ്ങനെ വിശദീകരിക്കുന്നു: “ഡോക്ടർ മുഹമ്മദ് ഇസ്മായിൽ ലാഹോർ മെഡിക്കൽ കോളേജിൽനിന്ന് പരീക്ഷ പാസായി അസിസ്റ്റന്റ് സർജൻ ആയി നിയമിതനായി.” അതിഗംഭീരം ഇൽഹാമിന്റെ സാക്ഷാത്കാരം! ഈ ഭൂകമ്പവും ഡോക്ടറും തമ്മിൽ എന്താണ് ബന്ധമാവോ!

## കുറിപ്പടിയും ഗുസ്തിയും

1906 മെയ് ഏഴിനും പതിനൊന്നിനും യഥാക്രമം അവതരിച്ച രണ്ടു ‘ഉർദു വഹ്‌യുകൾ’ കാണുക: “ക്രിസ്ത്യൻ പള്ളിയുടെ ശാക്തീകരണത്തിനുള്ള കുറിപ്പടി.” “നൗകകൾ ചലിക്കുന്നു; ഗുസ്തിയും!” (പേജ് 527)

‘വഹ്‌യ്’ ലഭിച്ചയാളും സമാഹരിച്ചയാളും ഒരു വിശദീകരണവും നൽകാതെ മൗനം പാലിച്ചിരിക്കുന്നു. അവർക്കൊന്നും മനസ്സിലായിട്ടില്ലായിരിക്കും. ഖാദിയാനി അനുയായികളും അല്ലാത്തവരുമായ പലരോടും അന്വേഷിച്ചിട്ടും ഒരു തുമ്പും കിട്ടിയിട്ടില്ല!

## പൊരിച്ച പാമ്പും മീനും!

“1877ൽ, ഒരുതരത്തിലുള്ള വാദവും തുടങ്ങാത്ത കാലത്ത്, അമൃതസറിൽ പ്രിൻറിംഗ് പ്രസ്സ് നടത്തിയിരുന്ന റലിയാറാം വക്കീൽ എന്നെ കടിക്കാനായി ഒരു പാമ്പിനെ അയച്ചു. ഞാൻ അതിനെ ഒരു മത്സ്യം എന്നപോലെ ഫ്രൈ ചെയ്തു തിരിച്ചയച്ചു. ഇതാണ് അല്ലാഹു വെളിപ്പെടുത്തിയ ഒരു സ്വപ്നദർശനത്തിലെ സന്ദേശം. തപാൽ കേസിൽ കോടതിവിധിയെപ്പറ്റിയാണ് സൂചന. വക്കീലന്മാർക്ക് പ്രയോജനപ്പെടുന്ന ഒരു ഉപമയാണിത്” (പേജ് 21-22).

എന്തോ അവ്യക്തത ഉണ്ടല്ലേ? അതുതന്നെയാണ് തുടക്കത്തിൽ പറഞ്ഞത്! തന്റെ ഒരു ലേഖനം അച്ചടിക്കാനായി മിർസാ ഖാദിയാനി റലിയാറാം വക്കീലിന്റെ പ്രസ്സിലേക്ക് ബുക്ക് പോസ്റ്റായി അയച്ചു. പ്രിന്റിംഗുമായി ബന്ധപ്പെട്ട ചില കാര്യങ്ങളെഴുതിയ ഒരു കുറിപ്പും കൂടെ വെച്ചു. അത് പോസ്റ്റൽ നിയമത്തിന് വിരുദ്ധമാണെന്ന് കണ്ടു അധികൃതർ നോട്ടീസയച്ചു. സംഗതി കേസായി. ഒടുവിൽ മേലിൽ അങ്ങനെ ചെയ്യില്ല എന്ന് സത്യവാങ്മൂലം എഴുതി വാങ്ങി വെറുതെ വിട്ടു. അത് സംബന്ധിച്ച് ‘രസികനായ യലാശു’വിന്റെ (യലാശു എന്നത് അല്ലാഹുവിന്റെ പേരാണത്രെ!) കമന്റിലാണ് പാമ്പും മീനും കയറിക്കൂടിയത്.

ഇതിൽനിന്ന് ആവേശം ഉൾക്കൊണ്ടായിരിക്കാം പിൽക്കാലത്ത് പാതിരി അബ്ദുല്ല ആഥമിനെക്കുറിച്ച് മരണം പ്രവചിച്ച് അതിന്റെ സാക്ഷാത്കാരത്തിനായി ഖാദിയാനി പ്രവാചകൻ പാതിരിയുടെ ഫ്ളാറ്റിലേക്ക് ‘പഠിപ്പിച്ച പാമ്പിനെ’ പറഞ്ഞയച്ചത്! ■


ശാഹുൽ പാലക്കാട്
: 97478 90521

# ദൈവാസ്തിത്വവും ഭൗതിക സമവാക്യങ്ങളും

പ്രകൃതിയുടെ ക്രമസ്വഭാവത്തെ ഗണിത ഭാഷയിലേക്ക് മാറ്റിയെഴുതുക എന്നതിലുപരി പ്രപഞ്ച സൃഷ്ടിപ്പിന്റെ മൂലകാരണമെന്തെന്ന് മനസ്സിലാക്കാനോ അതിന്ന് പിന്നിലെ നിയാമക ശക്തിയെന്തെന്ന് വിശദീകരിക്കാനോ ഭൗതികശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രപഞ്ച സ്രഷ്ടാവിന്റെ അധ്യാപനങ്ങളാണ് മതദർശനമെന്ന് അംഗീകരിക്കാത്തിടത്തോളം കാലം ശാസ്ത്ര വിഷയങ്ങളിൽ ഇക്കാര്യം ഇടംപിടിക്കാൻ സാധ്യതയില്ല താനും.

ആധുനിക ശാസ്ത്രത്തിന് സത്യത്തിൽ നാം ജീവിക്കുന്ന ലോകത്തെ സംബന്ധിച്ച് ഇപ്പോഴും വലിയ ധാരണയിലൊന്നും എത്താൻ കഴിഞ്ഞിട്ടില്ല. പ്രകൃതിയിൽ കാണുന്ന ക്രമസ്വഭാവത്തെ ഗണിതഭാഷയിലേക്ക് മാറ്റിയെഴുതുന്നു എന്നല്ലാതെ അടിസ്ഥാനപരമായി എന്തുകൊണ്ട് ഇങ്ങനെ ഒരു പ്രപഞ്ചവും അവയ്ക്ക് ഈ നിശ്ചിത സ്വഭാവവും എന്ന് മനസ്സിലാക്കാൻ കഴിഞ്ഞേക്കാം എന്ന ശുഭാപ്തിവിശ്വാസം പോലും പല ഭൗതികശാസ്ത്രജ്ഞർക്കുമില്ല.

ക്വാണ്ടം ലോകത്തിന്റെയും ആപേക്ഷികതാസിദ്ധാന്തത്തിന്റെയും നിയമങ്ങളെ ഒരുമിപ്പിക്കാനും ഒരു ഗ്രാൻഡ് യൂണിഫൈഡ് തിയറി കൊണ്ടുവരാനും കഴിയുമെന്ന വീക്ഷണത്തിലാണ് ചില



ശാസ്ത്രജ്ഞരെങ്കിലും. അങ്ങനെ ഒരു തിയറിയാൽ മാത്രമാണ് സകല പ്രകൃതിയെയും വിശദീകരിക്കാനാവുക. അത് അറിയാത്തിടത്തോളം ഈ പ്രപഞ്ചവും പ്രകൃതിയും ശാസ്ത്രലോകത്തിന് നിഗൂഢതതന്നെയാണ്.

പ്രപഞ്ചത്തെ ചില അടിസ്ഥാന കാരണങ്ങളാൽ വിശദീകരിക്കാനുള്ള ശ്രമം പൗരാണിക ഗ്രീക്ക് ചിന്തകർ മുതലുള്ളവർ നടത്തിയതായി കാണാം. സകല ലോകത്തെയും നാല് അടിസ്ഥാന നിർമിതികളാൽ വിശദീകരിക്കാമെന്നായിരുന്നു അരിസ്റ്റോട്ടിലിന്റെ നിഗമനം. കാറ്റ്, തീ, മണ്ണ്, ജലം എന്നിവയിൽനിന്നാണ് സകലതും ആരംഭിച്ചിരിക്കുന്നത് എന്ന് അദ്ദേഹം വാദിച്ചു.

ഗ്രീക്ക് തത്ത്വചിന്തകനായിരുന്ന ഡെമോക്രിറ്റസിന്റെ അഭിപ്രായം സകലതും നിർമിച്ചിരിക്കുന്നത് വിഘടിപ്പിക്കാനാവാത്ത സൂക്ഷ്മവും അദൃശ്യവുമായ കണികകളാലാണ് എന്നാണ്. ബ്രൂണോ, ന്യൂട്ടൻ, ഐൻസ്റ്റീൻ, സ്റ്റീഫൻ ഹോക്കിങ്, മിഷിയോ കാക്കു എന്നിങ്ങനെ നിരവധി ഭൗതികശാസ്ത്രജ്ഞർ പ്രപഞ്ചത്തെ വിശദീകരിക്കുന്ന ഏകീകൃത തത്ത്വത്തെ നിർമിക്കാൻ ശ്രമിച്ചിട്ടുണ്ട്.

കോസ്മോളജിസ്റ്റായ സീൻ കാരോള് എഴുതുന്നു: We are looking for a complete, coherent, and simple understanding of reality (ലോകത്തെ സമ്പൂർണമായും ലളിതമായും കൃത്യമായും വിശദീകരിക്കുന്ന തത്ത്വത്തിനായുള്ള തിരച്ചിലിലാണ് നാം).

പ്രപഞ്ചത്തെ വിശദീകരിക്കുന്ന ഒരു ഗ്രാൻഡ് യൂണിഫൈഡ് തിയറിയെ സംബന്ധിച്ച് മിശിയോ കാക്കു രചിച്ച കൃതിയാണ് 'ദി ഗോഡ് ഇക്വേഷൻ.' പ്രകൃതിയെ മുഴുവൻ വിശദീകരിക്കുന്ന അത്തരം

ഒരു ഏകീകൃത സമവാക്യത്തിനായുള്ള ശാസ്ത്രരംഗത്തെ രസകരമായ ശ്രമങ്ങളുടെ ചരിത്രത്തെയും ആ രംഗത്തെ പുതിയ ഉൾക്കാഴ്ചകളെയും മിശിയോ കാക്കു ഈ രചനയിലൂടെ വിശദീകരിക്കുന്നുണ്ട്.

ദൈവാസ്തിത്വത്തെ തെളിയിക്കുന്ന തോമസ് അക്വീനസിന്റെ അഞ്ചു വാദങ്ങളിലെ പ്രധാനപ്പെട്ട'ആദികാരണ വാദ'ത്തെ ശക്തമായ ഒരു സാധ്യതയായിത്തന്നെ മിശിയോ കാക്കൂ കാണുന്നു എന്ന് ഇതിലൊരു ചാപ്റ്ററിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഏകീകൃതസമവാക്യത്തിനായുള്ള അന്വേഷണത്തിൽ ദൈവം പ്രസക്തമായ ഉത്തരമാണെന്ന് തന്റെ 'ഗോഡ് ഇക്വേഷനി'ൽ proving god's existence എന്ന ഭാഗത്ത് അദ്ദേഹം എഴുതുന്നു:

“ഒരു വീഡിയോ ടേപ്പ് പുറകിലോട്ട് പ്ലേ ചെയ്ത് ആരംഭത്തിൽ എത്തുന്നപോലെ പ്രപഞ്ചത്തിന്റെ ഇന്നലെകളിലേക്ക് പോയി അതിന്റെ ആരംഭം മഹാവിസ്ഫോടനത്തോടെ ആരംഭിക്കുന്നുവെന്ന് പറയാൻ ഇന്നത്തെ ഭൗതിക ശാസ്ത്രജ്ഞർക്ക് കഴിയും. അതിനുമുമ്പ് എന്ത് എന്ന ചോദ്യത്തിന് മറുപടി പറയാൻ ഒരുപക്ഷേ, ബഹുപ്രപഞ്ച സിദ്ധാന്തങ്ങളെയും (multi universe theories) ഉപയോഗിക്കാം. ബിഗ് ബാങ്ങിലൂടെയുള്ള പ്രപഞ്ചോല്പത്തിയെ വിശദീകരിക്കാൻ ബഹുപ്രപഞ്ച സിദ്ധാന്തങ്ങൾക്കാവും എന്ന് അനുമാനിച്ചാൽതന്നെയും ഈ ബഹുപ്രപഞ്ചങ്ങൾ എവിടെനിന്ന് വന്നു എന്ന് ഒരാൾക്ക് ചോദിക്കാനാവും.

ഒരു ഏകീകൃതസമവാക്യത്തിന്റെ (Theory of everything) ഭാഗമായി ഉണ്ടായതാണ് ബഹുപ്രപഞ്ചങ്ങൾ എന്ന് വാദിച്ചാലും പ്രശ്നം തീരുന്നില്ല. ആ ഏകീകൃതസമവാക്യം എങ്ങനെയുണ്ടായി എന്നതാകും പിന്നെ ചോദ്യം. ഈ ബിന്ദുവിൽ ഫിസിക്സിന്റെ മേഖല അവസാനിക്കുകയും മെറ്റാഫിസിക്സിന്റെ മേഖല തുടങ്ങുകയും ചെയ്യുന്നു. ഭൗതികശാസ്ത്രത്തിന്റെ നിയമങ്ങൾ എവിടെനിന്നു വന്നു എന്ന ചോദ്യത്തിനുതന്നെ ഫിസിക്സ് ഉത്തരം നൽകുന്നില്ല. അതിനാൽ പ്രപഞ്ചത്തിന്റെ ആദികാരണത്തെ സംബന്ധിച്ച സെന്റ് തോമസ് അക്വിനാസിന്റെ കോസ്മോളജിക്കൽ പ്രൂഫ് (ആദികാരണം ദൈവമാണെന്ന വാദം) നിത്യപ്രസക്തമായിത്തന്നെ നിലനിൽക്കുന്നു.

ഏതൊരു ഏകീകൃതസമവാക്യത്തിന്റെയും അടിസ്ഥാനസ്വഭാവം സന്തുലനാവസ്ഥയായിരിക്കും (symmetry). എന്നാൽ ഇത്തരമൊരു തുലനാവസ്ഥ എവിടെനിന്ന് വരുന്നു? ആഴത്തിലുള്ള ഗണിതസത്യങ്ങളുടെ അനന്തരഫലമായിരിക്കണം ഏകീകൃത സമവാക്യവും. എന്നാൽ ഗണിതം എവിടെനിന്ന് വന്നു? ഈ ചോദ്യങ്ങൾക്കൊന്നും മറുപടി നൽകാൻ ഒരു ഏകീകൃത ഭൗതികസമവാക്യത്തിന് കഴിയില്ല.


“ഈ പ്രപഞ്ചം മനോഹരവും ലളിതവും ക്രമമുള്ളതുമാണ്. ഈ വിശ്വപ്രപഞ്ചത്തിന്റെ ഭൗതിക നിയമങ്ങളെയെല്ലാം ഒരു ഷീറ്റ് പേപ്പറിലേക്ക് പകർത്തിയെഴുതുകയെന്ന ആശയംത

“ഈ പ്രപഞ്ചം മനോഹരവും ലളിതവും ക്രമമുള്ളതുമാണ്. ഈ വിശ്വപ്രപഞ്ചത്തിന്റെ ഭൗതിക നിയമങ്ങളെയെല്ലാം ഒരു ഷീറ്റ് പേപ്പറിലേക്ക് പകർത്തിയെഴുതുകയെന്ന ആശയം തന്നെ എന്നെ പരിഭ്രമിപ്പിക്കുന്നുണ്ട്. ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തത്തെയും സ്റ്റാൻഡേർഡ് മോഡലിനെയും പരിഗണിച്ചാൽ ഈ പ്രപഞ്ചത്തിനു പിന്നിൽ ഒരു ആസൂത്രണമുണ്ടെന്ന ധാരണയെ തള്ളാൻ വിഷമമാകും. അതൊരു കോസ്മിക് ഡിസൈനറുടെ കൈകളെ കാണിച്ചുതരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇത് ദൈവത്തെ തെളിയിക്കുന്നതിൽ ശക്തമായ വാദമാണ്." ദൈവത്തിൽ വിശ്വസിക്കുന്നതിനുള്ള എല്ലാ യുക്തിയും ശാസ്ത്രം നൽകുന്നുണ്ടെന്ന് സമ്മതിക്കുകയാണ് ജീവിച്ചിരിക്കുന്ന പ്രധാന ഭൗതികശാസ്ത്രജ്ഞരിൽ ഒരാളായ മിശിയോ കാക്കു ഈ വരികളിലൂടെ.

ന്നെ എന്നെ പരിഭ്രമിപ്പിക്കുന്നുണ്ട്. ഐൻസ്റ്റീന്റെ ആപേക്ഷികതാസിദ്ധാന്തത്തെയും സ്റ്റാൻഡേർഡ് മോഡലിനെയും പരിഗണിച്ചാൽ ഈ പ്രപഞ്ചത്തിനു പിന്നിൽ ഒരു ആസൂത്രണമുണ്ടെന്ന ധാരണയെ തള്ളാൻ വിഷമമാകും. അതൊരു കോസ്മിക് ഡിസൈനറുടെ കൈകളെ കാണിച്ചുതരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇത് ദൈവത്തെ തെളിയിക്കുന്നതിൽ ശക്തമായ വാദമാണ്."

ദൈവത്തിൽ വിശ്വസിക്കുന്നതിനുള്ള എല്ലാ യുക്തിയും ശാസ്ത്രം നൽകുന്നുണ്ടെന്ന് സമ്മതിക്കുകയാണ് ജീവിച്ചിരിക്കുന്ന പ്രധാന ഭൗതികശാസ്ത്രജ്ഞരിൽ ഒരാളായ മിഷിയോ കാക്കു ഈ വരികളിലൂടെ.

ഐൻസ്റ്റീനും സ്റ്റീഫൻ ഹോക്കിങ്ങും മിഷിയോ കാക്കുവുമെല്ലാം കരുതിയപോലെ സകല ലോകങ്ങളുടെയും നിലനിൽപിനെ വിശദീകരിക്കാനുതകുന്ന ഒരു ഏകീകൃത സിദ്ധാന്തം ലഭിച്ചുവെന്നുതന്നെ കരുതുക. എങ്കിൽ അതിന്റെ സ്വഭാവം എന്തായിരിക്കും എന്നുകൂടെ പരി




ശോധിക്കാം. ആ ഏകീകൃതസിദ്ധാന്തത്തിന്റെ അസ്തിത്വം എന്താകും? പൊതുവായി അസ്തിത്വങ്ങളെ Concrete existence എന്നും Abstract existence എന്നും രണ്ടായി തിരിക്കാം.

Concrete ആയവയെന്നാൽ, കാര്യകാരണശക്തിയുള്ള (casual power) അസ്തിത്വങ്ങൾ എന്നർഥം. ആ നിലയ്ക്ക് കല്ലും മണ്ണും മനുഷ്യനുമെല്ലാം concrete ആയവയാണ്. മറ്റൊന്നിൽ കാര്യകാരണപരമായി മാറ്റം ചെലുത്താൻ ഇവയ്ക്ക് കഴിയും. രണ്ടാമത്തെ വിഭാഗം Abstract existenceകൾ ആണ്. അക്കങ്ങൾ, ഗണിത സമവാക്യങ്ങൾ, ആശയങ്ങൾ എന്നിവയെ Abstract objects എന്ന് വിളിക്കുന്നു. ഇവ കാരണമായിക്കൊണ്ട് ഒന്നും നിർമിക്കപ്പെടുകയോ പ്രകൃതിയിൽ എന്തെങ്കിലും മാറ്റങ്ങൾ സംഭവിക്കുകയോ ചെയ്യുന്നുമില്ല. എന്നാൽ നിലനിൽക്കുന്നവയെ വിശദീകരിക്കുന്നതിനായാണ് ഇവയെ ഉപയോഗിക്കുന്നത്.

എങ്കിൽ ഏകീകൃതമായ ഒരു സമവാക്യത്തെ പ്രപഞ്ചത്തെ വിശദീകരിക്കാനായി കൊണ്ടുവന്നുവെന്നുതന്നെ കരുതുക. പ്രപഞ്ചത്തിന്റെ നിലനിൽപിന് കാരണമായതായ അതിനൊരിക്കലും Abstract ആകാൻ കഴിയില്ല. കാരണം അബ്സ്ട്രാക്ട് ആയവകൾക്ക് ഒന്നിന്റെയും ഹേതു (cause) ആകാൻ കഴിയില്ല എന്നതുതന്നെ. നാല് എന്ന അക്കത്തിന് ഒരു ഭൗതികവസ്തുവിനെ സൃഷ്ടിക്കാനാകില്ലല്ലോ. അപ്പോൾ യാഥാർഥ്യലോകത്ത് നിലനിൽപുള്ള കോൺക്രീറ്റ് ആയ ഒന്നിന്റെ അസ്തിത്വംകൊണ്ടു മാത്രമെ പ്രപഞ്ചത്തെ വിശദീകരിക്കാൻ കഴിയൂ എന്ന് വരുന്നു.

എങ്കിൽ ഏകീകൃത സമവാക്യം കേവലം ഗണിതമോ അക്കമോ അല്ല, മറിച്ച് യാഥാർഥ്യലോകത്ത് നിലനിന്ന കോൺക്രീറ്റ് ആയ എന്തോ ആയിരുന്നു എന്ന തീർപ്പിൽ എത്തേണ്ടിവരും. സ്വയം നിലനിൽപുള്ള പ്രപഞ്ചത്തെ സൃഷ്ടിച്ച, അതിലെ ആസൂത്രണങ്ങൾക്കും സംവിധാനങ്ങൾക്കുമെല്ലാം കാരണമായ ഒരസ്തിത്വം നിലനിൽക്കുന്നുവെന്ന് സമ്മതിക്കുന്നതിലേക്കാണ് വാസ്തവത്തിൽ ഏകീകൃതസമവാക്യത്തെ സംബന്ധിച്ച അന്വേഷണങ്ങൾ ചെന്നെത്തുന്നത് എന്നു ചുരുക്കം.

### പ്രപഞ്ചവും ദൈവവും

സർവാംഗീകൃതമായ ഒരു തത്വത്തിൽനിന്നും തുടങ്ങാം: "Something exists.' (എന്തൊക്കെയോ നിലനിൽക്കുന്നുണ്ട്).

നക്ഷത്രങ്ങൾ, ആറ്റങ്ങൾ, ഗാലക്സികൾ, മനുഷ്യർ... ഇവ നിലനിൽക്കുന്നുണ്ട് എന്ന കാര്യത്തിൽ ആർക്കും സംശയം തോന്നാൻ ഇടയില്ല. ഈ ലേഖനവും നിങ്ങളും നിലനിൽക്കുന്നതുകൊണ്ടാ

ണ് നിങ്ങൾക്ക് ഇത് വായിക്കാൻ കഴിയുന്നത്. എന്തെങ്കിലുമൊക്കെ നിലനിൽക്കുന്നുണ്ട് എന്ന് സമ്മതിച്ചുകഴിഞ്ഞാൽ നിലനിൽക്കുന്നവയുടെ ഒരു കൂട്ടമുണ്ടെന്നും അംഗീകരിക്കാം. ഫിലോസഫറായ ജോഷുവ റാസ് മുസൻ ഇതിനെ 'ദി ബ്ലോബ് ഓഫ് എവരിതിങ്' (The blob of everything) എന്നാണ് വിളിക്കുന്നത്. പക്ഷികളുടെ ഒരു കൂട്ടത്തെ flock of birds എന്നു വിളിക്കുന്നപോലെ; നിലനിൽപുള്ള, ഭൗതികവും അഭൗതികവും കോൺക്രീറ്റും ആയതെല്ലാം 'ബ്ലോബ് ഓഫ് എവരിതിംഗ്' എന്ന ഈ സെറ്റിനകത്ത് വരുന്നു.

എന്തിനെങ്കിലും ഒറ്റയ്ക്ക് നിലനിൽക്കാമെങ്കിൽ നിലനിൽക്കുന്ന ഒറ്റകളെല്ലാം ചേർന്നാൽ ഒരു കൂട്ടം ആകണമല്ലോ. അതുപോലെ ജന്തുക്കൾ, അടിസ്ഥാനകണങ്ങൾ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, ഗാലക്സികൾ എന്നിങ്ങനെ എന്തൊക്കെ നിലനിൽക്കുന്നുവോ അവയെല്ലാം ഉൾപ്പെടുന്ന ഒരു കൂട്ടത്തെയും പരിഗണിക്കാം.

മറ്റൊരു രൂപത്തിൽ പറഞ്ഞാൽ, ബ്ലോബ് ഓഫ് എവെരിതിങ് (നിലനിൽക്കുന്നവകളുടെ കൂട്ടം) എന്നതിനു പുറത്ത് എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ എന്ന ചോദ്യംതന്നെ അബദ്ധമാവും. കാരണം, എന്തൊക്കെ നിലനിൽക്കുന്നുവോ അതെല്ലാം ഈ ബ്ലോബിനകത്ത് പരിഗണിക്കപ്പെട്ടുകഴിഞ്ഞു. എന്തെങ്കിലും ബ്ലോബിന് പുറത്താണ് എന്നു പറഞ്ഞാൽ അങ്ങനെയൊന്ന് നിലനിൽക്കുന്നില്ല എന്നാണ് അർഥം. ഇനിയുള്ള ചർച്ച ലളിതമാക്കുന്നതിനായി 'ബ്ലോബ് ഓഫ് എവെരിതിംഗ്' എന്നതിനെ ചുരുക്കി നാം 'x' എന്നു വിളിക്കുന്നു.

ഇനി നോക്കുക:

1) നിലനിൽക്കുന്നവകളെല്ലാം 'x'ന് അകത്താണ്.
2) ആയതിനാൽ 'x'പുറത്ത് യാതൊന്നുമില്ല.
3) അപ്പോൾ 'x'നു പുറത്ത് 'x' ഉണ്ടായതിനുള്ള കാരണവുമില്ല.
4) എങ്കിൽ 'x' ഉണ്ടായതിനുള്ള ഒരു കാരണം 'x' ന് പുറത്തില്ല.

Deductive റീസണിങ്ങിന്റെ അടിസ്ഥാനത്തിൽ എത്തിയ തീർപ്പാണിത്. നിലനിൽക്കുന്നവകൾക്ക് പുറത്തുള്ള യാതൊന്നുമല്ല 'x'നെ സൃഷ്ടിച്ചത്. അപ്പോൾ എന്നെന്നും നിലനിന്ന, എല്ലാത്തിനും കാരണമായ എന്തോ ഒന്ന് 'x'ന് അകത്ത് നിലനിന്നിരിക്കണം. പുറത്ത് മറ്റൊന്നും കാരണമായി ഇല്ലാത്തതിനാൽ ഇത് സ്വയം ശക്തവും (self sufficient)അനാദിയും അനിവാ

> ജീവൻ നിലനിൽക്കാനുതകുന്ന സ്വഭാവത്തിൽ ആസൂത്രണം ചെയ്യപ്പെട്ട പ്രപഞ്ചത്തിന് കാരണം എന്തെന്ന് ചോദിക്കാം. ഓരോ ആകാശഗോളത്തിന്റെ അണുവിനെയും അതിന്റെ നിശ്ചിത സ്വഭാവത്തെയും എണ്ണിപ്പറഞ്ഞ് എന്തുകൊണ്ട് എന്നു ചോദിക്കാം. നിലനിന്നിരിക്കേണ്ടതില്ലാത്ത ഇവയെല്ലാം നിലവിൽ വന്നത് ചില കാരണങ്ങളാലാണ്. ഈ സ്വഭാവത്തിൽ പ്രപഞ്ചത്തിന്റെ ഓരോ അണുവും കണ്ടിൻജന്റ് ആണ്. ആയതിനാൽ പ്രപഞ്ചം കണ്ടിൻജന്റ് ആണ്. പ്രപഞ്ചസൃഷ്ടിക്ക് ബാഹ്യകാരണം അനിവാര്യമാണ്.



ര്യവും ആയിരിക്കണം. 'x' ന് അകത്ത് നിലനിൽക്കുന്ന സ്വയം ശക്തവും അനാദിയും അനിവാര്യവുമായ ഈ ആദികാരണത്തെ നമുക്ക് 'z' എന്നു വിളിക്കാം.

എന്തുകൊണ്ട് x നകത്ത് z ഉണ്ടാകണം എന്നതിനെ ഒന്നുകൂടി വിശദമാക്കാം:

1) 'x' നു പുറത്ത് യാതൊന്നുമില്ല എന്നു പറഞ്ഞാൽ 'x' പുറത്തുനിന്ന് ഒന്നിനെയും ആശ്രയിക്കുന്നില്ല എന്നാണ്.
2) 'x' ന് കാരണമായ ഒന്ന് പുറത്തില്ലായെങ്കിൽ അതിനകത്ത് ഉണ്ടാകണം.
3) അകത്ത് നിലനിൽക്കുന്ന ഈ ആദികാരണമായ 'z' മറ്റൊന്നു കാരണമായി ഉണ്ടായതല്ല.

4) മറ്റൊന്നും കാരണമായി ഉണ്ടായതല്ലാത്ത ഒന്ന് പരാശ്രയ മുക്തമാണ്, അനാദിയാണ്, അനിവാര്യമാണ്.

ഈ സ്വഭാവത്തിൽ നിലനിൽക്കുന്നവയുടെയെല്ലാം അടിത്തറയും കാരണവും 'z' ആണെന്നു പറയാം.

How reason leads to god? (യുക്തിചിന്ത എങ്ങനെ ദൈവത്തിലേക്ക് എത്തിക്കുന്നു?) എന്ന തന്റെ കൃതിയുടെ ആദ്യഭാഗത്ത് ഫിലോസഫറായ ജോഷുവ റാസ് മുസൻ ഉപയോഗിക്കുന്ന വാദത്തിന്റെ ചുരുക്ക രൂപമാണിത്. ദൈവത്തെ സ്ഥാപിക്കുന്നതിന്റെ ഒന്നാമത്തെ പടിയാണ് കണ്ടിൻജൻസി ആർഗ്യുമെന്റനുസരിച്ച് അനിവാര്യമായ ഒരു അസ്തിത്വം നിലനിന്നിട്ടുണ്ടാകണം എന്ന തത്ത്വത്തെ സ്ഥാപിക്കൽ.

അനിവാര്യമായ ആ കാരണം ദൈവമായിരിക്കണം എന്ന് സ്ഥാപിക്കുന്നതാണ് കണ്ടിൻജൻസി ആർഗ്യുമെന്റിന്റെ രണ്ടാമത്തെ ഭാഗം. ഈ രണ്ട് യുക്തിപരമായ തീർപ്പുകളെ അംഗീകരിക്കുന്ന ഒരു മനുഷ്യന് ദൈവത്തെയും സ്വാഭാവികമായും അംഗീകരിക്കാതിരിക്കാനാവില്ല. ആധുനിക തത്ത്വചിന്തകർ ഒന്നിലധികം രൂപത്തിൽ കണ്ടിൻജൻസി ആർഗ്യുമെന്റ് വഴി ദൈവത്തെ തെളിയിക്കുന്നുണ്ട്.



ഒരു ആദിഹേതുവിലേക്ക് ഈ ചർച്ച എത്തുന്നത് എങ്ങനെയെന്ന് നോക്കാം:

അനിവാര്യ ഹേതുവിനായുള്ള വാദങ്ങൾ (Arguments for a necessary being): എന്തുകൊണ്ട് മനുഷ്യർ നിലനിൽക്കുന്നു, എങ്ങനെ സൗരയൂഥവും ഗാലക്സികളും ഭൗതിക കണങ്ങളും നിയമങ്ങളും രൂപപ്പെട്ടു തുടങ്ങിയ ചോദ്യങ്ങൾ യുക്തിപരമാണ് എന്ന് അംഗീകരിച്ചല്ലാതെ ശാസ്ത്രമില്ല. ഇവയെല്ലാം ഈ സ്വഭാവത്തിൽ നിലനിൽക്കുന്നതിന് എന്തോ കാരണമുണ്ടെന്ന ആദ്യ അറിവിൽനിന്നാണ് ഇത്തരം ചോദ്യങ്ങൾ ഉണ്ടാകുന്നതും. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളെയാണ് വിശദീകരണങ്ങൾ (explanations)എന്നു വിളിക്കുന്നത്.

Contingent existence: നിലനിൽപിന് ബാഹ്യവിശദീകരണങ്ങൾ വേണ്ടതായ കാര്യങ്ങളാണ് contingent existence. നിലനിൽക്കൽ സ്വയം അനിവാര്യമല്ലാത്ത, മറ്റൊരു രൂപത്തിൽ നിലനിൽക്കുകകൂടി സാധ്യമായ എന്തും ഈ ഗണത്തിൽ പെടുന്നു. (A contingent being (a being such that if it exists, it could have not-existed) exists. All contingent beings have a sufficient cause of or fully adequate explanation for their existence) മറ്റൊരു രൂപത്തിൽ നിലനിൽക്കൽ സാധ്യമായ ഒന്ന് ഒരു പ്രത്യേകരൂപത്തിൽ നിലനിൽക്കുന്നുവെങ്കിൽ അതിന് ഒരു പ്രത്യേക കാരണവും വേണമല്ലോ. ഉദാ: നിങ്ങളുടെ കൈയിലെ ഫോൺ കണ്ടിൻജന്റ് ആണെന്നു പറയാം. അതിനൊരു പ്രത്യേക നിറവും ഭാരവും രൂപവും സ്വഭാവവും ഘടനയും നിർമിക്കപ്പെട്ട ദിവസവുമെല്ലാം ഉണ്ടാകും. ഇതിൽ ഏതു സ്വഭാവവും അങ്ങനെയായത് ഒരു പ്രത്യേക കാരണത്താലാണ്.

മൊബൈലിന് ചുവന്ന നിറമോ മഞ്ഞ നിറമോ എല്ലാം സാധ്യമായിരുന്നിട്ടും കറുത്ത നിറത്തിൽ തന്നെയായത് മറ്റൊരു ബാഹ്യ കാരണം അതിനെ കറുത്തതായി തിരഞ്ഞെടുത്തതു കൊണ്ടാണ്. അതിന്റെ രൂപവും മറ്റു ഗുണങ്ങളുമെല്ലാം ആ രൂപത്തിൽ അതിന്റെ നിർമാണ കമ്പനി തെരഞ്ഞെടുത്തതുകൊണ്ട് സംഭവിച്ചതാണത്. ആ സ്വഭാവത്തിൽ ഇവയ്ക്കെല്ലാം വിശദീകരണങ്ങളുമുണ്ട്. ഇങ്ങനെ പരിമിതസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നതെല്ലാം കണ്ടിൻജന്റ് ആണെന്നു പറയാം. ബാഹ്യ വിശദീകരണങ്ങൾ വേണ്ടതായ ചില പരിമിത സ്വഭാവങ്ങൾ നോക്കാം:

**ഉൽപത്തി** (beginning)

തുടക്കമുള്ള ഏതൊന്നും ഒരു

പ്രത്യേക സമയത്തിനുശേഷം ആരംഭിച്ചവയാണ്. അതിനുമുമ്പ് അവ നിലനിന്നിരുന്നില്ല. നിലനിൽപ് ഉണ്ടായിരുന്നില്ലാത്ത ഒന്ന് നിലവിൽ വരാൻ ഒരു കാരണം ഉണ്ടായിരിക്കണം. (Whatever can fail to exist has been caused to exist). മാത്രമല്ല, ഒരു പ്രത്യേക സമയത്തു തന്നെ എന്തുകൊണ്ട് നിലവിൽവന്നു എന്നതിന് വിശദീകരണം വേണ്ടതായിവരും. നിങ്ങൾ ജനിച്ചത് 1990കളിലാണെങ്കിൽ എന്തുകൊണ്ട് നിങ്ങൾ ജനിച്ചു എന്ന് ചോദിക്കാം. അതിന് വിശദീകരണം നിങ്ങളുടെ മാതാപിതാക്കളാണ്. എന്തുകൊണ്ട് 1990കൾക്ക് പകരം 1950കളിൽ ജനിച്ചില്ല എന്നും ചോദിക്കാം. 1950കളിൽ നിങ്ങളുടെ മാതാപിതാക്കൾ തമ്മിൽ കണ്ടുമുട്ടാത്തതാണ് അങ്ങനെ സംഭവിക്കാത്തതിനുള്ള കാരണം.

**പരിമിത ഗുണങ്ങൾ**
(Arbitrary limits)

ഒരു പ്രത്യേക നിറം, മണം, രൂപം, ആകൃതി, ഭാരം, ഘടന എന്നിങ്ങനെയുള്ള ഏതൊരു ഭൗതിക സ്വഭാവം പ്രകടിപ്പിക്കുന്ന വസ്തുവിലും ആ ഭൗതിക സ്വഭാവത്തിന് കാരണമുണ്ടാകണം.

**ആശ്രിതത്വം** (Dependance)

നിലനിൽപിന് മറ്റൊന്നിനെ ആശ്രയിക്കുന്ന എന്തും ആശ്രിതമായവയാണ്. ഒരു ചെടി അതിന്റെ മാതൃവൃക്ഷത്തെ ആശ്രയിച്ചാണ് ഉണ്ടായത്. ജന്തുക്കൾ ഓക്സിജനെ ശ്വസിക്കാൻ ഉപയോഗിക്കുന്നതും ആശ്രിതത്വമാണ്. ആശ്രയിക്കാൻ എടുക്കുന്നത് ഇല്ലാതെ ആശ്രയിക്കപ്പെടുന്നതുമില്ല.

**ഭാഗങ്ങളാൽ നിർമിതമായവ**
(Made up of parts)

ഒന്നിൽനിന്ന് അടർത്തിയെടുക്കാൻ കഴിയുന്നതോ ചേർക്കാൻ കഴിയുന്നതോ ആയ എന്തും ഭാഗങ്ങളാണ്. അത്തരം ഭാഗങ്ങൾ ഉള്ളതെന്തും ആ ഭാഗങ്ങളെ ആശ്രയിച്ചുതന്നെയാണ് നിലനിൽക്കുന്നത്. ആ ഭാഗങ്ങളില്ലാതെ ഒരു വസ്തുവിന് നിലനിൽപില്ല. കൂടാതെ A,B,C,D എന്നീ നാല് ഭാഗങ്ങൾ കൂടിച്ചേർന്ന് ഉണ്ടായ ഒന്നിന്റെ ആ പ്രത്യേക ക്രമത്തിന് കാരണം ഉണ്ടാകണം എന്നപോലെ തന്നെ D,A,C,B എന്ന മറ്റൊരു ക്രമത്തിലുള്ള അതിന്റെ ക്രമീകരണത്തിനും ബാഹ്യകാരണം വേണം.

**ചലനം** (Motion)

SPACEലെ ഒരുബിന്ദുവിൽനിന്നും മറ്റൊരു ബിന്ദുവിലേക്കുള്ള സ്ഥാനമാറ്റമാണ് ചലനം. ഈ സ്വഭാവത്തിൽ ചലിക്കുന്ന ഒരു വസ്തു എന്തുകൊണ്ട് ഒരു പ്രത്യേക സ്ഥാനത്ത് കാണപ്പെടുന്നുവെന്ന് ചോദിക്കാം.

> പ്രിൻസിപ്പിൾ ഓഫ് സഫിഷ്യന്റ് റീസണിനെ നിഷേധിച്ചാലല്ലാതെ അനിവാര്യമായ സൃഷ്ടികാരണത്തെയും നിഷേധിക്കാനാവില്ല. കണ്ടിൻജൻസി ആർഗ്യുമെന്റ് പ്രധാനമായും ആശ്രയിക്കുന്നത് P.S.Rനെത്തന്നെയാണ്. അഥവാ P.S.R അനുസരിച്ച് എല്ലാ കണ്ടിൻജന്റായവകൾക്കും ബാഹ്യകാരണം വേണ്ടതായിവരുന്നു. കണ്ടിൻജന്റായ പ്രപഞ്ചത്തിനും ബാഹ്യവിശദീകരണം വേണ്ടതുണ്ടെന്ന അനിവാര്യതയിലേക്ക് അത് ചെന്നുനിൽക്കുന്നു. പ്രപഞ്ചത്തിന് കാരണമായ അനിവാര്യമായ ഒരു അസ്തിത്വം ദൈവമാണെന്ന് സ്ഥാപിക്കാൻ പിന്നെ എളുപ്പമാണ്.

ഏതൊരു ഭൗതികവസ്തുവും പാർട്സുകളുടെ ഒരു പ്രത്യേകതരത്തിലുള്ള ക്രമീകരണമാണ്. മറ്റൊരു രൂപത്തിലും ആകാം എന്നിരിക്കെ ഒരു പ്രത്യേക സ്വഭാവത്തിൽതന്നെ അതിനെ നിർമിച്ചതെന്താണെന്നതിന് കാരണമുണ്ടായിരിക്കണം. മുകളിൽ വിശദീകരിച്ച ഈ മാനദണ്ഡങ്ങൾക്കകത്ത് വരാത്തതായ ഒരു ഭൗതിക ഉണ്മയും നിലനിൽക്കുന്നില്ല.

ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, ഗാലക്സികൾ, ആറ്റങ്ങൾ, സബ്അറ്റോമിക് കണികകൾ, ക്വാണ്ടം പാർട്ടിക്കിളുകൾ, ജന്തു-ജീവജാലങ്ങൾ, ഇതെല്ലാം ഉൾക്കൊള്ളുന്ന പ്രപഞ്ചം... ഇവയെ

ല്ലാം ബാഹ്യ വിശദീകരണങ്ങൾ വേണ്ടവയാണ്. അതുകൊണ്ടുതന്നെ ഏതൊരു മനുഷ്യനും എന്തുകൊണ്ട് 13.8 ബില്യൺ വർഷങ്ങൾക്കു മുമ്പുതന്നെ പ്രപഞ്ചം ഉണ്ടായി എന്നു ചോദിക്കാം. പ്രപഞ്ചത്തിന് കാരണമായത് എന്തെന്നു ചോദിക്കാം. ഈ കാണുന്ന പരിമിതമായ ഡയമെൻഷനുകളും ഭൗതികനിയമങ്ങളും എന്തുകൊണ്ട് എന്നു ചോദിക്കാം. ഓരോ ഗ്രഹവും എന്തുകൊണ്ട് ഒരു പ്രത്യേക സ്ഥാനത്ത് എന്നു ചോദിക്കാം. എന്തുകൊണ്ട് ഗ്യാലക്സികളും ആറ്റങ്ങളും നിശ്ചിത എണ്ണത്തിലായി എന്നു ചോദിക്കാം. എന്തുകൊണ്ട് പ്രപഞ്ചത്തിന് ഒരു പ്രത്യേക ജ്യോമെട്രി എന്നു ചോദിക്കാം. പ്രപഞ്ചഘടനയെ ഇങ്ങനെയാക്കിയത് എന്താണെന്നു ചോദിക്കാം. നിങ്ങൾ ഉണ്ടാകാവുന്ന പ്രപഞ്ചവും നിങ്ങൾ ഇല്ലാതിരിക്കാവുന്ന പ്രപഞ്ചവും സാധ്യമായിട്ടും എന്തുകൊണ്ട് നിങ്ങൾ ഉള്ള പ്രപഞ്ചം ഉണ്ടായി എന്നു ചോദിക്കാം. എന്തുകൊണ്ട് പ്രപഞ്ചത്തിൽ സ്ഥിരസ്വഭാവങ്ങൾ കാണപ്പെടുന്നു എന്നു ചോദിക്കാം. ജീവൻ നിലനിൽക്കാനുതകുന്ന സ്വഭാവത്തിൽ ആസൂത്രണം ചെയ്യ



പ്പെട്ട പ്രപഞ്ചത്തിന് കാരണം എന്തെന്ന് ചോദിക്കാം. ഓരോ ആകാശഗോളത്തിന്റെ അണുവിനെയും അതിന്റെ നിശ്ചിത സ്വഭാവത്തെയും എണ്ണിപ്പറഞ്ഞ് എന്തുകൊണ്ട് എന്നു ചോദിക്കാം. നിലനിന്നിരിക്കേണ്ടതില്ലാത്ത ഇവയെല്ലാം നിലവിൽ വന്നത് ചില കാരണങ്ങളാലാണ്. ഈ സ്വഭാവത്തിൽ പ്രപഞ്ചത്തിന്റെ ഓരോ അണുവും കണ്ടിൻജന്റ് ആണ്. ആയതിനാൽ പ്രപഞ്ചം കണ്ടിൻജന്റ് ആണ്. പ്രപഞ്ചസൃഷ്ടിക്ക് ബാഹ്യകാരണം അനിവാര്യമാണ്.

### അവശ്യ വിശദീകരണ തത്ത്വം

ഏതൊന്നിനും ഒരു വിശദീകരണം ആവശ്യമാണെന്ന തത്ത്വത്തെയാണ് 'പ്രിൻസിപ്പിൾ ഓഫ് സഫിഷ്യന്റ് റീസൺ' എന്നു വിളിക്കുന്നത്. ചുരുക്കി P.S.R എന്നും ഇത് പൊതുവിൽ വിളിക്കപ്പെടുന്നു. എന്തുകൊണ്ട് എന്ന ചോദ്യം ഏതൊരു വിഷയത്തിലും നമുക്ക് ചോദിക്കാൻ കഴിയുന്നത് P.S.R ഉപയോഗിക്കുന്നതുകൊണ്ടാണ്. ആപ്പിൾ എന്തുകൊണ്ട് എല്ലായ്പ്പോഴും താഴോട്ടു തന്നെ പതിക്കുന്നുവെന്ന് ന്യൂട്ടൻ ചിന്തിച്ചതായ കഥയുണ്ടല്ലോ. ശാസ്ത്രത്തിനും അത് ചോദിക്കാൻ കഴിയുന്നത് ആ പ്രതിഭാസത്തിന് വിശദീകരണം ഉണ്ടാവണമെന്ന യുക്തിപരമായ മുൻധാരണയിൽനിന്നാണ്.

ഫിലോസഫറായ അലക്സാണ്ടർ പ്രസിന്റെ നിരീക്ഷണത്തിൽ P.S.R നെ അംഗീകരിക്കുന്ന ഏതൊരു മനുഷ്യനും അനിവാര്യമായ ഒരു സ്രഷ്ടാവിനെയും സമ്മതിക്കേണ്ടിവരും എന്നാണ്. ചില കാര്യങ്ങൾക്കെങ്കിലും പിന്നിൽ വിശദീകരണം ഉണ്ടെന്ന് സമ്മതിച്ചാൽ P.S.R നെ ചില കാര്യങ്ങളിലെങ്കിലും സമ്മതിക്കേണ്ടി വരും എന്നുറപ്പാണ്. അങ്ങനെ P.S.R വേണ്ടതായ കാര്യങ്ങൾക്കെല്ലാം ആ നിലയ്ക്ക് അനിവാര്യമായ ഒരു കാരണം ഉണ്ടെന്ന യുക്തിയിലേക്കത് എത്തുന്നു. ആയതിനാൽ P.S.R നെ നിഷേധിച്ചാലല്ലാതെ അനിവാര്യമായ സൃഷ്ടികാരണത്തെയും നിഷേധിക്കാനാവില്ല. കണ്ടിൻജൻസി ആർഗ്യുമെന്റ് പ്രധാനമായും ആശ്രയിക്കുന്നത് P.S.Rനെത്തന്നെയാണ്. അഥവാ P.S.Rഅനുസരിച്ച് എല്ലാ കണ്ടിൻജന്റായവകൾക്കും ബാഹ്യകാരണം വേണ്ടതായിവരുന്നു. കണ്ടിൻജന്റായ പ്രപഞ്ചത്തിനും ബാഹ്യ വിശദീകരണം വേണ്ടതുണ്ടെന്ന അനിവാര്യതയിലേക്ക് അത് ചെന്നുനിൽക്കുന്നു.

പ്രപഞ്ചത്തിന് കാരണമായ അനിവാര്യമായ ഒരു അസ്തിത്വം ദൈവമാണെന്ന് സ്ഥാപിക്കാൻ പിന്നെ എളുപ്പമാണ്. P.S.R എന്തുകൊണ്ട് നിഷേധിക്കാനാവാത്ത സത്യമാണെന്നതിന് ചില ന്യായങ്ങൾ തുടർന്നു വായിക്കാം.

*(തുടരും)*

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

# സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം 02

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: 'നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട, നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക" (41:30).

"നീ പറയുക: നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ. എന്നാൽ നിങ്ങൾ പിന്തിരിയുന്ന പക്ഷം അദ്ദേഹം (റസൂൽ) ചുമതലപ്പെടുത്തപ്പെട്ട കാര്യത്തിൽ മാത്രമാണ് അദ്ദേഹത്തിന് ബാധ്യതയുള്ളത്. നിങ്ങൾക്ക് ബാധ്യതയുള്ളത് നിങ്ങൾ ചുമതല ഏൽപിക്കപ്പെട്ട കാര്യത്തിലാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് സൻമാർഗം പ്രാപിക്കാം. റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു" (24:54).

"നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്" (59:7).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (49:1).

"നിങ്ങൾക്ക് ജീവൻനൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ



അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവന്റെ മനസ്സിനും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞ് കൊള്ളുക'' (8:24).

''തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർതന്നെയാണ് വിജയികൾ. അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ'' (24:51,52).

''ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല'' (46:13).

''ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: 'നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട, നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക'' (41:30).



''അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധി കൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്'' (42:21).

ഒരുകൂട്ടം ജിന്നുകൾ ഖുർആൻ ശ്രവിച്ചശേഷം അവരുടെ ജനങ്ങളിലേക്ക് ചെന്ന് പറഞ്ഞ കാര്യങ്ങൾ അല്ലാഹു ഉദ്ധരിക്കുന്നു: ''ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽനിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് വല്ലവനും ഉത്തരം നൽകാതിരിക്കുന്ന പക്ഷം ഈ ഭൂമിയിൽ (അല്ലാഹുവെ) അവന്ന് തോൽപിക്കാനാവില്ല. അല്ലാഹുവിന് പുറമെ അവനു രക്ഷാധികാരികൾ ഉണ്ടായിരിക്കുകയുമില്ല. അത്തരക്കാർ വ്യക്തമായ വഴികേടിലാകുന്നു'' (46:30-32).

ഇതുപോലെ സുന്നത്ത് പിൻപറ്റാനും ബിദ്അത്തുകൾ കൈയൊഴിയാനും പഠിപ്പിക്കുന്നതും ബിദ്അത്തിന്റെ അപകടങ്ങൾ വിവരിക്കുന്നതുമായ ധാരാളം ഹദീസുകൾ നബി(സ്വ)യുടെ സുന്നത്തിലും കാണാം. അതിൽ ചിലത് കാണുക:

1) നബി(സ്വ) പറയുന്നു: "നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടുന്നതാണ്"(ബുഖാരി, മുസ്‌ലിം).

ഇമാം മുസ്‌ലിം(റ) ഉദ്ധരിക്കുന്ന മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയാനുള്ളത്: "നമ്മുടെ നിർദേശമില്ലാതെ ആരെങ്കിലും (മതത്തിന്റെ ഭാഗമായി) വല്ലതും പ്രവർത്തിച്ചാൽ അത് തള്ളപ്പെടുന്നതാണ്."

ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഈ റിപ്പോർട്ടാണ് മറ്റു റിപ്പോർട്ടുകളെക്കാൾ വ്യാപകമായ ആശയമുൾകൊള്ളുന്നത്. കാരണം, ബിദ്അത്തുണ്ടാക്കിയവരെയും അതിനെ പിൻപറ്റി കർമങ്ങൾ ചെയ്യുന്നവരെയും ഈ വചനം ഉൾകൊള്ളുന്നുണ്ട്. കർമങ്ങൾ അല്ലാഹുവിന്റെയടുക്കൽ സ്വീകരിക്കപ്പെടാനുള്ള രണ്ട് നിബന്ധനകളിൽ ഒന്നാണത്. അഥവാ, നബി (സ്വ)യെ പിൻപറ്റിക്കൊണ്ട് കർമങ്ങൾ ചെയ്യൽ. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും കാക്ഷിച്ചുകൊണ്ട് ചെയ്യുന്ന എതൊരു കർമവും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടണമെങ്കിൽ രണ്ട് നിബന്ധനകൾ പാലിക്കേണ്ടതുണ്ട്:

ഒന്ന്: അല്ലാഹുവിന്റെ പ്രീതി മാത്രം കാക്ഷിച്ചു യാതൊരാളെയും പങ്കുചേർക്കാതെ അവന് നിഷ്കളങ്കമായി അഥവാ ഇഖ്‌ലാസോട് കൂടി സമർപ്പിക്കുന്നതായിരിക്കണം ആ കർമം. അതാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യ വചനത്തിന്റെ തേട്ടം.

രണ്ട്: നബി(സ്വ)യെ പിൻപറ്റിക്കൊണ്ടായിരിക്കണം പ്രസ്തുത കർമം അനുഷ്ഠിക്കേണ്ടത്. അതാണ് മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ സത്യദൂതനാനെന്ന സാക്ഷ്യപ്രഖ്യാപനത്തിന്റെ താൽപര്യം.

'നിങ്ങളിൽ ഏറ്റവും നന്നായി കർമം ചെയ്യുന്നതാരെന്നു പരീക്ഷിക്കുവാൻവേണ്ടി' എന്ന 67:2 ആയത്തിലെ ഭാഗം വിശദീകരിച്ചുകൊണ്ട് ഫുദൈലുബ്നു ഇയാദ്(റ) പറയുന്നു: "ഒരു കർമം ഏറ്റവും ആത്മാർഥതയുള്ളതും (ഇഖ്‌ലാസ്) എന്നാൽ നബി(സ്വ) പഠിപ്പിച്ചതുപോലെ ശരിയായ രൂപത്തിലല്ലാതായിരിക്കുകയും ചെയ്താൽ അത് സ്വീകരിക്കപ്പെടുകയുമില്ല. അതുപോലെതന്നെ നബി(സ്വ) പഠിപ്പിച്ചതുപോലെ ശരിയായ രൂപത്തിലാവുകയും ഇഖ്‌ലാസ് നഷ്ടപ്പെടുകയും ചെയ്താലും പ്രസ്തുത കർമം സ്വീകരിക്കപ്പെടുകയില്ല. മറിച്ച് അല്ലാഹുവിന്റെ പ്രീതിമാത്രം ലക്ഷ്യമാക്കി ഇഖ്‌ലാസോടുകൂടിയും പ്രവാചക മാതൃക പിൻപറ്റി കുറ്റമറ്റ രീതിയിലും അനുഷ്ഠിക്കുന്നതായാൽ മാത്രമാണ് സ്വീകരിക്കപ്പെടുക. ഇഖ്‌ലാസോടുകൂടിയാവുക എന്നു പറഞ്ഞാൽ അല്ലാഹുവിന്റെ മാത്രം തൃപ്തിയും പ്രതിഫലവും കാക്ഷിക്കലും, ശരിയായ വിധത്തിലാവുക എന്നു പറഞ്ഞാൽ സുന്നത്തനുസരിച്ചും ആയിരിക്കുക എന്നതാണ് വിവക്ഷ" (മജ്മൂഉൽ

> തന്റെ കാലഘട്ടത്തിനോടടുത്ത കാലത്തുതന്നെ ഭിന്നതകളുണ്ടാകുമെന്നു നബി(സ്വ) അറിയിച്ചു. അത് ധാരാളമായി ഉണ്ടാകുമെന്നും സ്വഹാബികളുടെ കൂട്ടത്തിൽ ജീവിച്ചിരിക്കുന്നവർ അത് കാണുമെന്നും പറയുകയും ശേഷം അതിൽനിന്നുള്ള സുരക്ഷക്ക് വേണ്ട മാർഗനിർദേശങ്ങൾ അവിടുന്ന് വ്യക്തമാക്കുകയും ചെയ്തു. നബി(സ്വ)യുടെയും ഖുലഫാഉർറാഷിദുകളുടെയും സുന്നത്ത് പിൻപറ്റലാകുന്നു അത്. പുത്തനാശയങ്ങളെ കൈയൊഴിയാനും സുന്നത്ത് സ്വീകരിക്കാനും അവിടുന്ന് പ്രേരിപ്പിക്കുകയും ചെയ്തു.



ഫതാവാ, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, 18/250).

18:110ന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹി) പറയുന്നു: "സൽകർമം ചെയ്തുകൊള്ളട്ടെ" എന്നു പറഞ്ഞത് അല്ലാഹുവിന്റെ നിയമനിർദേശങ്ങളോട് യോജിക്കുന്നത് എന്ന അർഥത്തിലാണ്. 'തന്റെ രക്ഷിതാവിനുള്ള ഇബാദത്തിൽ ഒരാളെയും പങ്കുചേർക്കുകയുമരുത്' എന്നു പറഞ്ഞത് അല്ലാഹുവിന്റെ മാത്രം പ്രീതിയും പ്രതിഫലവും കാംക്ഷിച്ചുകൊണ്ടുള്ള കർമമായിരിക്കണം എന്ന അർഥത്തിലുമാണ്. ഈ രണ്ട് കാര്യങ്ങളുമാണ് സ്വീകാര്യയോഗ്യമായ കർമങ്ങളുടെ അടിസ്ഥാന ഘടകങ്ങൾ. അഥവാ അല്ലാഹുവിന് നിഷ്കളങ്കമായി സമർപ്പിച്ചതും നബി(സ്വ)യുടെ മാതൃകയനുസരിച്ചും ഉള്ളതായിരിക്കണം അത്."

2) ഇർബാദ് ഇബ്നു സാരിയ (റ) പറയുന്നു: "നബി(സ്വ) ഞങ്ങളെ ഉപദേശിച്ചു, സാരവത്തായ ഒരു ഉപദേശമായിരുന്നു അത്. കണ്ണുകൾ നിറയുകയും ഹൃദയങ്ങൾ പിടയ്ക്കുകയും ചെയ്തു. അതുകേട്ട ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇത് ഒരു വിടവാങ്ങലിന്റെ ഉപദേശം പോലെ തോന്നുന്നു വല്ലോ, എന്താണ് അങ്ങേക്ക് ഞങ്ങളോട് പ്രത്യേകമായി പറയാനുള്ളത്?'

അപ്പോൾ നബി(സ്വ) പറഞ്ഞു: 'അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷിക്കണമെന്നും നേതൃത്വത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നുമാണ്-അതൊരു എത്യോപ്യൻ അടിമയാണെങ്കിലും-ഞാൻ നിങ്ങളെ ഉപദേശിക്കുന്നത്. തീർച്ചയായും നിങ്ങളിൽനിന്ന് ആരെങ്കിലും (എന്റെ കാലശേഷം) ജീവിക്കുകയാണെങ്കിൽ ധാരാളം ഭിന്നതകൾ കാണുന്നതായിരിക്കും. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തും സച്ചരിതരായ ഖുലഫാഉകളുടെ സുന്നത്തും പിൻപറ്റണം. അവയെ നിങ്ങൾ മുറുകെ പിടിക്കുകയും അണപ്പല്ലുകൾകൊണ്ട് കടിച്ചു പിടിക്കുകയും വേണം. (മതത്തിൽ) പുതിയതായി നിർമിക്കപ്പെട്ട പുത്തനാചാരങ്ങളെ നിങ്ങൾ സൂക്ഷി ക്കുകയും ചെയ്യുക. നിശ്ചയം! എല്ലാ പുത്തനാചാരങ്ങളും ബിദ്അത്താകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടുമാണ്" (അബൂദാവൂദ്, തിർമുദി, ഇബ്നുമാജ. തിർമുദി പറഞ്ഞു: ഈ ഹദീസ് ഹസനും സ്വഹീഹുമാണ്).

തന്റെ കാലഘട്ടത്തിനോടടുത്ത കാലത്തുതന്നെ ഭിന്നതകളുണ്ടാകുമെന്നു നബി(സ്വ) അറിയിച്ചു. അത് ധാരാളമായി ഉണ്ടാകുമെന്നും സ്വഹാബികളുടെ കൂട്ടത്തിൽ ജീവിച്ചിരിക്കുന്നവർ അത് കാണുമെന്നും പറയുകയും ശേഷം അതിൽനിന്നുള്ള സുരക്ഷക്ക് വേണ്ട മാർഗനിർദേശങ്ങൾ അവിടുന്ന് വ്യക്തമാക്കുകയും ചെയ്തു. നബി(സ്വ)യുടെയും ഖുലഫാഉർറാഷിദുകളുടെയും സുന്നത്ത് പിൻപറ്റലാകുന്നു അത്. പുത്തനാശയങ്ങളെ കൈയൊഴിയാനും സുന്നത്ത് സ്വീകരിക്കാനും അവിടുന്ന് പ്രേരിപ്പിക്കുകയും ചെയ്തു.

3) ജാബിർ ഇബ്നു അബ്ദുല്ലാഹ്(റ) പറയുന്നു: 'നബി(സ്വ) ഒരു ജുമുഅ ദിവസം പ്രസംഗിക്കുകയായിരുന്നു. അപ്പോൾ പറഞ്ഞു: 'നിശ്ചയം! സംസാരങ്ങളിൽ ഏറ്റവും ഉത്തമമായത് അല്ലാഹുവിന്റെ ഗ്രന്ഥം അഥവാ വിശുദ്ധ ക്വുർആനും മാതൃകകളിൽവെച്ച് ഏറ്റവും ഉത്കൃഷ്ടമായാത് മുഹമ്മദ് നബി(സ്വ)യുടെ മാതൃകയുമാകുന്നു. കാര്യങ്ങളിൽ ഏറ്റവും ചീത്ത മതത്തിൽ പുതുതായുണ്ടാക്കിയ കാര്യങ്ങളാണ്. എല്ലാ പുതുനിർമിതികളും (ബിദ്അത്തുകൾ) വഴികേടാണ്"(സ്വഹീഹു മുസ്‌ലിം).

4) നബി(സ്വ) പറഞ്ഞു: "ആരെങ്കിലും എന്റെ ചര്യയോട് (സുന്നത്തിനോട്) വെറുപ്പ് പ്രകടിപ്പിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല" (ബുഖാരി, മുസ്‌ലിം).

5) നബി(സ്വ) പറഞ്ഞു: "അല്ലെയോ ജനങ്ങളേ, ഞാൻ നിങ്ങളിലേക്കിതാ ഒരുകാര്യം വിട്ടേച്ചുപോകുന്നു. നിങ്ങളത് മുറുകെപിടിക്കുന്നിടത്തോളം കാലം നിങ്ങളൊരിക്കലും വഴിതെറ്റുകയില്ല. അല്ലാഹുവിന്റെ ക്വുർആനും നബി(സ്വ)യുടെ സുന്നത്തുമത്രെ അത്."

"ഞാൻ നിങ്ങളിലേക്ക് രണ്ട് കാര്യങ്ങൾ വിട്ടേച്ചുപോകുന്നു. അതിനുശേഷം നിങ്ങൾ വഴി പിഴക്കുകയില്ല. അല്ലാഹുവിന്റെ ക്വുർആനും എന്റെ സുന്നത്തുമാണത്" (ഹാകിം).

ഹജ്ജത്തുൽ വദാഇൽവെച്ച് നബി(സ്വ) പറഞ്ഞ ദീർഘമായ ഹദീസ് ജാബിർ(റ) നിവേദനം ചെയ്തത് സ്വഹീഹു മുസ്‌ലിമിൽ കാണാം: "തീർച്ചയായും ഒരു കാര്യം ഞാൻ നിങ്ങളിലേക്ക് വിട്ടുതന്നിട്ട് പോകുന്നു. അത് നിങ്ങൾ മുറുകെ പിടിക്കുന്നിടത്തോളം കാലം നിങ്ങളൊരിക്കലും വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥമായ ക്വുർആനത്രെ അത്. പരലോകത്ത് നിങ്ങളോട് എന്നെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. അപ്പോൾ നിങ്ങൾ എന്തായിരിക്കും മറുപടി പറയുക?' സ്വഹാബത്ത് പറഞ്ഞു: 'താങ്കൾ ഞങ്ങൾക്ക് കാര്യങ്ങൾ എത്തിച്ചുതരികയും വിശദമാക്കിത്തരികയും ഗുണകാംക്ഷയോടെ വർത്തിക്കുകയും ചെയ്തുവെന്ന് ഞങ്ങൾ സാക്ഷി പറയും." അപ്പോൾ നബി(സ്വ) തന്റെ ചൂണ്ടുവിരൽ ആകാശത്തേക്കുയർത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവേ, നീ സാക്ഷിയാണ്! അല്ലാഹുവേ, നീ സാക്ഷിയാണ്! നീ സാക്ഷിയാണ്!"

*(തുടരും)*

# സൂറ: സ്വാദ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 38

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

11. പല കക്ഷികളിൽപെട്ട, പരാജയപ്പെടാൻ പോകുന്ന ഒരു സൈനിക വ്യൂഹമത്രെ അവിടെയുള്ളത്.

12. അവർക്കു മുമ്പ് നൂഹിന്റെ ജനതയും ആദ് സമുദായവും ആണികളുറപ്പിച്ചിരുന്ന ഫിർഔനും നിഷേധിച്ചുതള്ളിയിട്ടുണ്ട്.

13. സമൂദ് സമുദായവും ലൂത്വിന്റെ ജനതയും മരക്കൂട്ടങ്ങളിൽ വസിച്ചിരുന്നവരും (സത്യത്തെ നിഷേധിച്ചുതള്ളിയിട്ടുണ്ട്). അക്കൂട്ടരത്രെ (സത്യത്തിനെതിരിൽ അണിനിരന്ന) കക്ഷികൾ.

14. ഇവരാരുംതന്നെ ദൂതന്മാരെ നിഷേധിച്ചു കളയാതിരുന്നിട്ടില്ല. അങ്ങനെ എന്റെ ശിക്ഷ(അവരിൽ) അനിവാര്യമായിത്തീർന്നു.

15. ഒരൊറ്റ ഘോരശബ്ദമല്ലാതെ മറ്റൊന്നും ഇക്കൂട്ടർ നോക്കിയിരിക്കുന്നില്ല. (അതു സംഭവിച്ചു കഴിഞ്ഞാൽ) ഒട്ടും സാവകാശമുണ്ടായിരിക്കുകയില്ല.

16. അവർ പറയുന്നു; ഞങ്ങളുടെ രക്ഷിതാവേ, വിചാരണയുടെ ദിവസത്തിനു മുമ്പ് തന്നെ ഞങ്ങൾക്കുള്ള (ശിക്ഷയുടെ) വിഹിതം ഞങ്ങൾക്കൊന്നു വേഗത്തിലാക്കിതന്നേക്കണേ എന്ന്.

17. (നബിയേ,) അവർ പറയുന്നതിനെപ്പറ്റി നീ ക്ഷമിച്ചുകൊള്ളുക. നമ്മുടെ കൈയൂക്കുള്ള ദാസനായ ദാവൂദിനെ നീ അനുസ്മരിക്കുകയും ചെയ്യുക. തീർച്ചയായും അദ്ദേഹം (ദൈവത്തിങ്കലേക്ക്) ഏറ്റവും അധികം ഖേദിച്ചുമടങ്ങിയവനാകുന്നു.

18. സന്ധ്യാസമയത്തും സൂര്യോദയ സമയത്തും സ്തോത്ര കീർത്തനം നടത്തുന്ന നിലയിൽ നാം പർവതങ്ങളെ അദ്ദേഹത്തോടൊപ്പം കീഴ്പെടുത്തുകതന്നെ ചെയ്തു.

19. ശേഖരിക്കപ്പെട്ട നിലയിൽ പറവകളെയും(നാം കീഴ്പെടുത്തി). എല്ലാം തന്നെ അദ്ദേഹത്തിങ്കലേക്ക് ഏറ്റവും അധികം വിനയത്തോടെ തിരിഞ്ഞവയായിരുന്നു.

20. അദ്ദേഹത്തിന്റെ ആധിപത്യം നാം സുശക്തമാക്കുകയും അദ്ദേഹത്തിന് നാം തത്ത്വജ്ഞാനവും തീർപ്പുകൽപിക്കുവാൻവേണ്ട സംസാരവൈഭവവും നൽകുകയും ചെയ്തു.

جُندٌ مَّا هُنَالِكَ مَهۡزُومٌ مِّنَ ٱلۡأَحۡزَابِ ١١

كَذَّبَتۡ قَبۡلَهُمۡ قَوۡمُ نُوحٍ وَعَادٌ وَفِرۡعَوۡنُ ذُو ٱلۡأَوۡتَادِ ١٢

وَثَمُودُ وَقَوۡمُ لُوطٍ وَأَصۡحَٰبُ لۡـَٔيۡكَةِۚ أُوْلَٰٓئِكَ ٱلۡأَحۡزَابُ ١٣

إِن كُلٌّ إِلَّا كَذَّبَ ٱلرُّسُلَ فَحَقَّ عِقَابِ ١٤

وَمَا يَنظُرُ هَٰٓؤُلَآءِ إِلَّا صَيۡحَةً وَٰحِدَةً مَّا لَهَا مِن فَوَاقٍ ١٥

وَقَالُواْ رَبَّنَا عَجِّل لَّنَا قِطَّنَا قَبۡلَ يَوۡمِ ٱلۡحِسَابِ ١٦

ٱصۡبِرۡ عَلَىٰ مَا يَقُولُونَ وَٱذۡكُرۡ عَبۡدَنَا دَاوُۥدَ ذَا ٱلۡأَيۡدِۖ إِنَّهُۥٓ أَوَّابٌ ١٧

إِنَّا سَخَّرۡنَا ٱلۡجِبَالَ مَعَهُۥ يُسَبِّحۡنَ بِٱلۡعَشِيِّ وَٱلۡإِشۡرَاقِ ١٨

وَٱلطَّيۡرَ مَحۡشُورَةٗۖ كُلّٞ لَّهُۥٓ أَوَّابٞ ١٩

وَشَدَدۡنَا مُلۡكَهُۥ وَءَاتَيۡنَٰهُ ٱلۡحِكۡمَةَ وَفَصۡلَ ٱلۡخِطَابِ ٢٠

وَهَلْ أَتَىٰكَ نَبَؤُا۟ ٱلْخَصْمِ إِذْ تَسَوَّرُوا۟ ٱلْمِحْرَابَ
﴿٢١﴾

إِذْ دَخَلُوا۟ عَلَىٰ دَاوُۥدَ فَفَزِعَ مِنْهُمْ ۖ قَالُوا۟ لَا تَخَفْ ۖ
خَصْمَانِ بَغَىٰ بَعْضُنَا عَلَىٰ بَعْضٍ فَٱحْكُم بَيْنَنَا
بِٱلْحَقِّ وَلَا تُشْطِطْ وَٱهْدِنَآ إِلَىٰ سَوَآءِ ٱلصِّرَٰطِ
﴿٢٢﴾

21. വഴക്കുകൂടുന്ന കക്ഷികൾ പ്രാർഥനാമണ്ഡപത്തിന്റെ മതിൽ കയറിച്ചെന്ന സമയത്തെ വർത്തമാനം നിനക്ക് ലഭിച്ചിട്ടുണ്ടോ?

22. അവർ ദാവൂദിന്റെ അടുത്ത് കടന്നുചെല്ലുകയും അദ്ദേഹം അവരെപ്പറ്റി പരിഭ്രാന്തനാകുകയും ചെയ്ത സന്ദർഭം! അവർ പറഞ്ഞു: 'താങ്കൾ ഭയപ്പെടേണ്ട. ഞങ്ങൾ രണ്ട് എതിർ കക്ഷികളാകുന്നു. ഞങ്ങളിൽ ഒരു കക്ഷി മറുകക്ഷിയോട് അന്യായം ചെയ്തിരിക്കുന്നു. അതിനാൽ ഞങ്ങൾക്കിടയിൽ താങ്കൾ ന്യായപ്രകാരം വിധി കൽപിക്കണം. താങ്കൾ നീതികേട് കാണിക്കരുത്. ഞങ്ങൾക്ക് നേരായ പാതയിലേക്ക് വഴികാണിക്കണം.'

11). ഇവിടെ ഉദ്ദേശ്യം അവർക്ക് പൂർത്തിയാക്കാനാവില്ല. അവരുടെ പരിശ്രമം വെറുതെയാണ്. അവരുടെ സൈന്യം പരാജയപ്പെടും. അതാണ് പറഞ്ഞത്: (പരാജയപ്പെടാൻ പോകുന്ന ഒരു സൈനികവ്യൂഹമത്രെ അവിടെയുള്ളത്) താങ്കൾക്കു മുമ്പ് പ്രവാചകന്മാരോട് കക്ഷിത്വം കാണിച്ച അതേ ആളുകളെപ്പോലെയുള്ളവരാണ് ഇവരും. അവർ പരാജയപ്പെട്ടു, നശിച്ചു. അതുപോലെ ഇവരും നശിക്കും.

12). മുൻസമുദായക്കാരെ ചെയ്തത് ഇവരെയും ചെയ്യുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ഇവരെക്കാളും ശക്തരായിരുന്നു അവർ. അസത്യത്തിന്റെ പക്ഷം ചേർന്നവർ. (നൂഹിന്റെ ജനതയും ആദ് സമുദായവും) ഹൂദിന്റെ ജനത. (ആണികളുറപ്പിച്ചിരുന്ന ഫിർഔൻ), വൻശക്തിയുള്ള സൈന്യത്തെ നയിച്ചവൻ.

13) (സമൂദ് സമുദായവും) സ്വാലിഹ് നബി(അ)യുടെ ജനത. (ലൂത്വിന്റെ ജനതയും മരക്കൂട്ടങ്ങളിൽ വസിച്ചവരും അക്കൂട്ടരത്രെ -സത്യത്തിനെതിരിൽ അണിനിരന്ന- കക്ഷികൾ) ഇവിടെ മരം എന്ന് വിവർത്തനം ചെയ്ത പദം വ്യത്യസ്തതരം മരങ്ങളും ചെടികളും നിറഞ്ഞ ഒരു സ്ഥലത്തെ സൂചിപ്പിക്കുന്നു. അവർ ശുഐബിന്റെ(അ) ആളുകളായിരുന്നു. (അത്തരം കക്ഷികളായിരുന്നു അവരുടെ പ്രവാചകന്മാർക്കെതിരെ ഒരുമിച്ചത്. സത്യത്തെ ഖണ്ഡിക്കാൻ തങ്ങൾക്കുണ്ടായിരുന്ന ശക്തിയും ആളുകളും ആയുധങ്ങളുമെല്ലാം അവർ ശേഖരിച്ചു. എന്നിട്ടും യാതൊരു പ്രയോജനവും ലഭിച്ചില്ല.

14) (ഇവരാരും തന്നെ) ഇവരെല്ലാവരും. (ദൂതന്മാരെ നിഷേധിച്ചുകളയാതിരുന്നിട്ടില്ല. അങ്ങനെ എന്റെ ശിക്ഷ അവരിൽ അനിവാര്യമായിത്തീർന്നു) അവർക്ക് സംഭവിച്ചത് ഇവർക്കും സംഭവിക്കാതിരിക്കാൻ എന്ത് നന്മയാണ് ഇവരിലുള്ളത്?

15) അതിനാൽ അവർ പ്രതീക്ഷിക്കട്ടെ: (ഒരൊറ്റ ഘോരശബ്ദമല്ലാതെ മറ്റൊന്നും ഇക്കൂട്ടർ നോക്കിയിരിക്കുന്നില്ല. അത് സംഭവിച്ചുകഴിഞ്ഞാൽ ഒട്ടും സാവകാശമുണ്ടായിരിക്കുകയില്ല) തിരിച്ചുവരാനും തടുക്കാനും; ഇതുതന്നെയാണവരുടെ നിലപാടെങ്കിൽ അതവരെ നശിപ്പിക്കും, നാമാവശേഷമാക്കും.

16) അവരുടെ അറിവില്ലായ്മകൊണ്ടും സത്യത്തോടുള്ള ധിക്കാരംകൊണ്ടും ശിക്ഷയ്ക്ക് ധൃതികൂട്ടിക്കൊണ്ടും ഈ നിഷേധികൾ പറഞ്ഞു: (ഞങ്ങൾക്കുള്ള - ശിക്ഷയുടെ - വിഹിതം ഞങ്ങൾക്കൊന്നു വേഗത്തിലാക്കിത്തന്നേക്കണേ എന്ന്) ഞങ്ങളുടെ വിഹിതം, ശിക്ഷയായി ഞങ്ങൾക്ക് നിശ്ചയിച്ചത് വേഗത്തിലാക്കിത്തരണം. (വിചാരണയുടെ ദിവസത്തിനു മുമ്പ്) ഇതുകൊണ്ടവർ വാദിക്കുന്നത്, നീ സത്യവാദിയാണെങ്കിൽ ആ സത്യത്തിന്റെ അടയാളം ഞങ്ങൾക്ക് ശിക്ഷ കൊണ്ടുവരാൻ കഴിയുക എന്നതാണ്.

17). അപ്പോൾ അല്ലാഹു തന്റെ ദൂതനോട് പറഞ്ഞു: (നബിയേ, അവർ പറയുന്നതിനെപ്പറ്റി നീ ക്ഷമിച്ചുകൊള്ളുക) നിനക്ക് മുമ്പുള്ള പ്രവാചകന്മാർ ക്ഷമിച്ചതുപോലെ. അവരുടെ വാക്കുകൾ സത്യത്തിന് ഒരു ദ്രോഹവും വരുത്തില്ല. നിനക്കും യാതൊരു ദ്രോഹവും വരുത്തില്ല. ദ്രോഹം അവർക്കുതന്നെയായിരിക്കും.

തന്റെ ജനതയിൽനിന്നുണ്ടാകുന്ന ദ്രോഹങ്ങളിൽ ക്ഷമിക്കുവാൻ നിർദേശിച്ചപ്പോൾതന്നെ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിൽ ക്ഷമിച്ചുനിന്ന് അല്ലാ

ഹുവോട് സഹായം തേടാനാണ് പറയുന്നത്. ഭക്തരുടെ അവസ്ഥയും ഓർമപ്പെടുത്തുന്നു. മറ്റൊരിടത്ത് അല്ലാഹു ഈ ആശയം പറയുന്നുണ്ട്:

فَٱصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ ٱلشَّمْسِ وَقَبْلَ غُرُوبِهَا

"ആയതിനാൽ ഇവർ പറയുന്നതിനെപ്പറ്റി നീ ക്ഷമിക്കുക. സൂര്യോദയത്തിനു മുമ്പും സൂര്യാസ്തമയത്തിന് മുമ്പും നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ നീ പ്രകീർത്തിക്കുകയും ചെയ്യുക" (20:130)

ഭക്തരിൽ ഉന്നതൻ, അല്ലാഹുവിന്റെ പ്രവാചകൻ ദാവൂദ്(അ). (കൈയൂക്കുള്ളവൻ) ഹൃദയത്തിനും ശരീരത്തിനും അല്ലാഹുവിനെ ആരാധിക്കുന്നതിൽ മഹത്തായ ശക്തിയുടെ ഉടമ. (തീർച്ചയായും അദ്ദേഹം ധാരാളമായി ഖേദിച്ചു മടങ്ങിയവനാകുന്നു) സർവകാര്യങ്ങളിലും അല്ലാഹുവിലേക്ക് മടക്കുന്നവൻ, അല്ലാഹുവോടുള്ള സ്നേഹവും ആരാധ്യതയും ഭയവും പ്രതീക്ഷയും ഭക്തിയും പ്രാർഥനയും കൊണ്ടാണ് മടക്കം. എന്തെങ്കിലും ചില വീഴ്ചകൾ വരുമ്പോൾ അത് പിഴുതെറിഞ്ഞ് ആത്മാർഥമായി ഖേദിച്ചുമടങ്ങും.

18) അല്ലാഹുവോട് അദ്ദേഹം കാണിച്ച മടക്കത്തിന്റെയും ആരാധനയുടെ ശക്തി മനസ്സിലാക്കിത്തരുന്നതാണ് പർവതങ്ങളെ അദ്ദേഹത്തിന് കീഴ്പ്പെടുത്തിക്കൊടുത്തത്. അവ അദ്ദേഹത്തിന്റെ കൂടെ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. (സന്ധ്യാസമയത്തും സൂര്യോദയ സമയത്തും) പകലിന്റെ ആദ്യത്തിലും അവസാനത്തിലും.

19) കീഴ്പ്പെടുത്തുകയും ചെയ്തു (ശേഖരിക്കപ്പെട്ട നിലയിൽ പറവകളെയും) അദ്ദേഹത്തോടൊപ്പം ഒരുമിച്ച് ചേർക്കപ്പെട്ട നിലയിൽ. (എല്ലാം തന്നെ) പർവതങ്ങളും പക്ഷികളും. (വിനയത്തോടെ തിരിഞ്ഞവർ) ഇക്കാര്യം മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

يَٰجِبَالُ أَوِّبِى مَعَهُۥ وَٱلطَّيْرَ

"പർവതങ്ങളേ, നിങ്ങൾ അദ്ദേഹത്തോടൊപ്പം കീർത്തനങ്ങൾ ചൊല്ലുക; പക്ഷികളേ, നിങ്ങളും"(34:10). ആരാധനമൂലം അല്ലാഹു ചെയ്തുകൊടുക്കുന്ന അനുഗ്രഹങ്ങളാണിതെല്ലാം.

20) തുടർന്ന് അദ്ദേഹത്തിന് നൽകിയ മഹത്തായ അനുഗ്രഹമാണ് പറയുന്നത്. (അദ്ദേഹത്തിന്റെ ആധിപത്യം നാം സുശക്തമാക്കുകയും ചെയ്തു) ശക്തിപ്പെടുത്താൻ കഴിയുന്ന കാരണങ്ങൾ നൽകിക്കൊണ്ട് അല്ലാഹു അദ്ദേഹത്തിന്റെ അധികാരത്തെ ശക്തിപ്പെടുത്തി; അധികരിച്ച സൈന്യങ്ങളും ഒരുക്കങ്ങളും നൽകിക്കൊണ്ട്. പിന്നീട് പറയുന്നത് അദ്ദേഹത്തിന് അനുഗ്രഹമായി നൽകിയ അറിവിനെക്കുറിച്ചാണ്. (അദ്ദേഹത്തിന് നാം തത്ത്വജ്ഞാനം നൽകി) പ്രവാചകത്വവും മഹത്തായ അറിവും. (തീർപ്പ് കൽപിക്കുവാൻ വേണ്ടി സംസാരവൈഭവവും) ജനങ്ങൾക്കിടയിലെ തർക്കങ്ങളിൽ.

21). ജനങ്ങൾക്കിടയിലെ തർക്കങ്ങളിൽ തീർപ്പുകൽപിക്കാനുള്ള കഴിവ് ദാവൂദ് നബി(അ)ക്ക് നൽകിയതിനെക്കുറിച്ച് പറയുന്നു. അതിലദ്ദേഹം പ്രസിദ്ധനും ആളുകൾ അന്വേഷിച്ചു വരുന്നവനുമായിരുന്നു. ഇത് പറയുമ്പോൾ അദ്ദേഹത്തിന്റെ അടുക്കൽവന്ന രണ്ട് താർക്കികന്മാരെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ദാവൂദ് നബിക്ക്(അ) പരീക്ഷണമായി അല്ലാഹു നിശ്ചയിച്ചതായിരുന്നു അത്. അദ്ദേഹത്തിന് സംഭവിച്ച ഒരു പിഴവ് ബോധ്യപ്പെടുത്താൻ വേണ്ടി അല്ലാഹു നിശ്ചയിച്ചതാണിത്. അതിൽ അല്ലാഹുഅദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്തു. തന്റെ പ്രവാചകൻ മുഹമ്മദ് നബി(സ്വ)യോട് അല്ലാഹു ഇക്കാര്യം പറയുന്നുണ്ട്. അദ്ദേഹത്തിന്റെ (വഴക്കുകൂടുന്ന കക്ഷികളുടെ വർത്തമാനം നിനക്ക് ലഭിച്ചിട്ടുണ്ടോ?) തീർച്ചയായും അത് വിസ്മയകരം തന്നെ. (മതിൽ കയറിച്ചെന്ന സന്ദർഭം) ദാവൂദ് നബിയുടെ അടുക്കൽ. (പ്രാർഥനാ മണ്ഡപത്തിന്റെ) അദ്ദേഹം ആരാധന നടത്തുന്ന സ്ഥലത്ത് സമ്മതമോ അനുവാദമോ ഇല്ലാതെ. വാതിലിലൂടെയല്ല അവർ പ്രവേശിച്ചത്.

22). ഈ രൂപത്തിൽ കടന്നു ചെന്നപ്പോൾ അദ്ദേഹം അവരെ കണ്ടുപേടിച്ചു. അപ്പോൾ അവർ അദ്ദേഹത്തോട് പറഞ്ഞു. ഞങ്ങൾ (രണ്ട് എതിർകക്ഷികൾ) നീ ഭയപ്പെടേണ്ട. (ഞങ്ങളിൽ ഒരുകക്ഷി മറുകക്ഷിയോട് അന്യായം ചെയ്തിരിക്കുന്നു) അക്രമം. (അതിനാൽ ഞങ്ങൾക്കിടയിൽ താങ്കൾ വിധി കൽപിക്കണം) ന്യായപ്രകാരം. ഒരാളുടെ പക്ഷം പിടിക്കരുത്. (താങ്കൾ നീതികേട് കാണിക്കരുത്; ഞങ്ങൾക്ക് നേരായ പാതയിലേക്ക് താങ്കൾ വഴികാണിക്കണം).

ഇതിൽനിന്ന് മനസ്സിലാകുന്നത്, ആ എതിർ കക്ഷികളെക്കുറിച്ച് അദ്ദേഹം ധരിച്ചത് അവരുടെ ഉദ്ദേശ്യം സത്യം വ്യക്തമാകാനാണെന്നാണ്. അങ്ങനെയായിരുന്നങ്കിൽ അവർ കാര്യങ്ങൾ വ്യക്തമായി അദ്ദേഹത്തെ ബോധ്യപ്പെടുത്തേണ്ടിയിരുന്നു. അവരുടെ സംസാരത്തോട് അദ്ദേഹം വിമുഖത കാണിച്ചിട്ടില്ല. വിസമ്മതിച്ചിട്ടുമില്ല. ■

ഇബ്നു അലി എടത്തനാട്ടുകര



# മക്കൾക്കിതെന്തു പറ്റി?

"നമ്മുടെ മക്കൾക്കിതെന്തു പറ്റി? കൊച്ചുകുട്ടികളെ പോലും നിയന്ത്രിക്കാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും കഴിയുന്നില്ലല്ലോ!" ഒരു അധ്യാപക സുഹൃത്തിന്റെ വാക്കുകളാണിത്. അയാൾ താമസിക്കുന്ന ഫ്ളാറ്റിനു താഴെ എന്തോ കശപിശ. മുഖ്യകഥാപാത്രം താഴെയുള്ളള കുടുംബത്തിലെ ആറു വയസ്സുകാരനാണ്. അവൻ ഉണ്ടാക്കുന്ന ചില്ലറ പ്രശ്നങ്ങൾ മാഷ് ഇടപെട്ടാൽ അടങ്ങാറുണ്ട്. മാതാവ് സഹായം അഭ്യർഥിച്ചു.

മാഷ് എത്തിയതും ഒരു ഫോൺ കൈയിൽ കൊടുത്തിട്ട്, അവനെങ്ങാനും ചൈൽഡ് ഹെൽപ് ലൈനിലേക്ക് വിളിച്ച് പരാതി പറഞ്ഞിട്ടുണ്ടോ എന്ന് നോക്കാൻ മാതാവ് പറഞ്ഞു. ഭാഗ്യം, വിളിച്ചിട്ടില്ലായിരുന്നു! പക്ഷേ, ദിവസങ്ങൾക്കു മുമ്പ് കുട്ടി പോലീസ് സ്റ്റേഷനിലേക്ക് വിളിച്ച് പരാതി പറഞ്ഞിരുന്നുവത്രെ!

മറ്റൊരു അധ്യാപകൻ പറഞ്ഞത് ഓർമവരുന്നു. കഥാപാത്രം രണ്ടാം ക്ലാസ്സുകാരനാണ്. മാഷുടെ പേരക്കിടാവ്. എന്തോ കാര്യത്തിന് വീട്ടുകാരുമായി തർക്കമുണ്ടായപ്പോൾ അവൻ വീടുവിട്ടിറങ്ങി പോകുകയാണെന്നങ്ങ് പ്രഖ്യാപിച്ചു. അധ്യാപികയായ ഭാര്യ ഇടപെട്ടു. വീടുവിട്ടിറങ്ങിപ്പോയാൽ എവിടെ താമസിക്കും, ആര് ഭക്ഷണം തരും, ആര് പരിപാലിക്കും എന്നിങ്ങനെയെല്ലാം ചോദിച്ച് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഉപ്പയോ ഉമ്മയോ വല്യുപ്പയോ വല്യുമ്മയോ സഹായിക്കാൻ ഉണ്ടാവില്ലല്ലോ എന്ന് ഓർമിപ്പിച്ചു. അവൻ വളരെ കൂളായി മറുപടി പറഞ്ഞു; വൃദ്ധസദനത്തിലേക്ക് പോകുമെന്ന്. ജീവിത സായാഹ്നത്തിലെ പ്രയാസങ്ങളും മറ്റും നേരിട്ട് ബോധ്യപ്പെടുത്താൻ, അകലെയല്ലാത്ത വൃദ്ധസദനത്തിലേക്ക് അവനെ കൊണ്ടുപോയിരുന്നു, മുമ്പ്. എന്നാൽ ജീവിതത്തിന്റെ ദൈന്യതയും പ്രയാസവും മറ്റുമല്ല ആ കുട്ടിയുടെ മനസ്സിൽ പതിഞ്ഞത്, ഒരു പണിയുമില്ലാതെ, വർത്തമാനം പറഞ്ഞ്, ടിവിയും കണ്ട് സമയാസമയം നല്ല ഭക്ഷണവും കഴിച്ച് ബെഡ്ഡിൽ വിശ്രമിക്കുന്ന സുഖകരമായ അവസ്ഥയാണ് അവൻ ശ്രദ്ധിച്ചത്.

തൊട്ടടുത്തുള്ള സ്കൂളിൽ, ക്ലാസ്സിൽ വില്ലത്തരം കാട്ടിയ ഒരു കുട്ടിയെ മാഷ് വഴക്കുപറഞ്ഞു. ആ കുട്ടി ഫോൺ വിളിച്ചു പൊലീസിൽ പരാതി പറഞ്ഞു. ക്ലാസ്സ് കഴിഞ്ഞ് മാഷ് സ്റ്റാഫ് റൂമിലേക്ക് എത്തിയപ്പോഴേക്കും പോലീസ് സ്റ്റേഷനിൽ നിന്ന് വിളി വന്നു! ക്ലാസ്സിൽ അരുതാത്തത് ചെയ്ത ഒരു കുട്ടിയെ ചെറുതായി തല്ലിയതറിഞ്ഞ്, എഴുതിത്തയ്യാറാക്കിയ പരാതിയുമായി വന്ന് മാഷെ ഭീഷണിപ്പെടുത്തി ഒരു രക്ഷിതാവ്! പരാതി പിൻവലിപ്പിക്കാൻ ഒടുക്കം കുട്ടിയോട് മാപ്പ് പറയേണ്ടിവന്നു ആ അധ്യാപകന്!

വിദ്യാർഥിയെ അടിച്ചതിന് കേസിൽ പെട്ട് ജയിലിൽ കിടക്കേണ്ടിവന്ന അധ്യാപകന്റെ സങ്കടക്കുറിപ്പ് സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു കുറെ കാലം. എന്താണെന്നുവച്ചാൽ ആയിക്കോട്ടെ. ഞാനായിട്ട് ഒന്നിലും ഇടപെടില്ല എന്ന നിർവികാരതയിലേക്ക് അധ്യാപകർ മാറിപ്പോയിരിക്കുന്നു. സ്കൂൾ ടൂറിന് പറഞ്ഞയക്കാത്തതിനുകൂടിയാണെന്ന് പറയുന്നു, ഈയിടെ ഒരു അഞ്ചാം ക്ലാസ്സുകാരൻ നഷ്ടപ്പെടുത്തിയത് സ്വന്തം ജീവനാണ്. എങ്ങോട്ടാണ് മക്കളുടെ പോക്ക്? ആരാണ് മാറേണ്ടത്? അധ്യാപകരോ, മാതാപിതാക്കളോ, സമൂഹമോ?

ആർക്കും ഒരു നിയന്ത്രണവുമില്ലാത്ത ഭീഷണമായ അവസ്ഥയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. അധ്യാപകർക്ക് വിദ്യാർഥികളെ ഗുണദോഷിക്കാനും ശകാരിക്കാനും പേടിയാണ്. അടിക്കാൻ ആലോചിക്കാൻ പോലും അവർക്ക് ധൈര്യമില്ല. മാതാപിതാക്കൾക്കുപോലും മക്കളോട് എന്തെങ്കിലും എതിർത്ത് പറയാൻ ധൈര്യമില്ലാതായിരിക്കുന്നു. കുട്ടികൾക്ക് എന്തെങ്കിലും ആവശ്യം വന്നാൽ അത് ഉടനെ കിട്ടണം. വാശിപിടിച്ചു ചോദിച്ചത് അവർ നേടിയിരിക്കും. തുടർന്ന് ഇതവർ ശീലമാക്കും. എത്ര കഷ്ടപ്പെട്ടാണ് മാതാപിതാക്കൾ ജീവിക്കുന്നത് എന്നവർക്കറിയില്ല. സാമ്പത്തികമായും മറ്റുമുള്ള പ്രയാസങ്ങൾ കുട്ടികൾ അറിയുന്നില്ല. മാതാപിതാക്കൾ അവരെ അതറിയിക്കുന്നുമില്ല. ഗൗരവപരമായ ആലോചനകളും ഇടപെടലുകളും ഇക്കാര്യത്തിൽ അനിവാര്യമാണ്. അല്ലെങ്കിൽ ഗുണദോഷിക്കപ്പെടാൻ പോലും അവസരം കിട്ടാതെ ഒരു തലമുറ നശിച്ചുപോകും. ■

മൂസ സ്വലാഹി കാര
: 97473 45768

# ജമാഅത്ത് താത്വികാചാര്യന് പിഴച്ചത് തൗഹീദിൽ തന്നെ!

03

ഭൗതിക സൗകര്യങ്ങളിലും ജീവിത വ്യവസ്ഥയിലും നമുക്കനുവദിക്കപ്പെട്ട അനുസരണം ശിർക്കും കുഫ്റുമാക്കുന്ന തരത്തിൽ 'തൗഹീദുൽ ഹാകിമിയ്യത്ത്'എന്ന പുതിയൊരിനം മൗദൂദി സാഹിബ് ഉണ്ടാക്കി. 'ജമാഅത്തെ ഇസ്‌ലാമി' എന്ന സംഘടനാ സംവിധാനത്തിലൂടെ ഭരണം സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ഇസ്‌ലാമിന്റെ കരുത്തും കാതലുമായ തൗഹീദ് വിശ്വാസികളെ ജീവസ്സുറ്റതാക്കുന്നതും അവരെ സദ്പ്രവർത്തനങ്ങൾക്ക് സജ്ജമാക്കുന്നതും സ്വർഗം നേടാൻ അനിവാര്യവുമാണ്. ഇതിനെപ്പറ്റിയുള്ള അജ്ഞതയാണ് ആദർശവ്യതിയാനങ്ങളുടെയെല്ലാം മൂലകാരണം.

തൗഹീദിന്റെ മൂന്ന് ഇനങ്ങളിലേക്ക് പ്രമാണങ്ങൾ സൂചന നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തൗഹീദിനെ പണ്ടുമുതലേ പണ്ഡിതന്മാർ റുബൂബിയ്യത്ത്, ഉലൂഹിയ്യത്ത്, അസ്മാഉ വസ്സിഫാത്ത് എന്നിങ്ങനെ യഥാക്രമം തരംതിരിച്ചിട്ടുമുണ്ട്.

അല്ലാഹു പറയുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?"(ക്വുർആൻ 19:65).

ശൈഖ് നാസിറുസ്സഅ്ദി(റ) പറയുന്നു: "അതായത്, അവനോട് തുല്യമോ സമാനമോ ആയ യാതൊന്നും നിങ്ങൾക്കറിയില്ല. കാരണം അവൻ സർവലോക രക്ഷിതാവാണ്. മറ്റുള്ളവർ അടിമകളും അവൻ സ്രഷ്ടാവുമാണ്. മറ്റെല്ലാം സൃഷ്ടികളാണ്. അവൻ എല്ലാ അർഥത്തിലും ധന്യനാണ്. മറ്റുള്ളവരാകട്ടെ ദരിദ്രരാണ് (മറ്റുള്ളവരിലേക്ക് ആവശ്യക്കാരാണ്). അല്ലാഹു എല്ലാ വശങ്ങളിലും സമ്പൂർണനാണ്, മറ്റുള്ളവർ അപൂർണരാണ്. അവൻ നൽകിയ പൂർണതയല്ലാതെ അവയിൽ ഇല്ല. സർവശക്തനായ അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ, അവനെ ആരാധിക്കുന്നതാണ് ശരി. മാത്രമല്ല, അവനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കുന്നത് നിരർഥകമാണ് എന്നതിനുമുള്ള ഖണ്ഡിതമായ തെളിവാണിത്. അത്യുന്നതമായ നാമവിശേഷണ



ങ്ങളാലും മഹത്ത്വങ്ങളാലും സമ്പൂർണനായിട്ടുള്ളത് അവൻ മാത്രമാണ് എന്നതിനാൽ അത് ചൂണ്ടിക്കാണിച്ച് അവനെ മാത്രം ആരാധിക്കാനും അതിൽ ക്ഷമയവലംബിക്കാനും അവൻ കൽപിച്ചു" (തഫ്സീറുസ്സഅ്ദി).

ഭൗതിക സൗകര്യങ്ങളിലും ജീവിത വ്യവസ്ഥയിലും നമുക്കനുവദിക്കപ്പെട്ട അനുസരണം ശിർക്കും കുഫ്റുമാക്കുന്ന തരത്തിൽ 'തൗഹീദുൽ ഹാകിമിയ്യത്ത്'എന്ന പുതിയൊരിനം മൗദൂദി സാഹിബ് ഉണ്ടാക്കി. 'ജമാഅത്തെ ഇസ്‌ലാമി' എന്ന സംഘടനാസംവിധാനത്തിലൂടെ ഭരണം സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

അല്ലാഹു പറയുന്നു: "നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം-നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്നകാര്യം-അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു. ആ ബഹുദൈവവിശ്വാസികളെ നിങ്ങൾ ഏതൊരു കാര്യത്തിലേക്ക് ക്ഷണിക്കുന്നുവോ അത് അവർക്ക് വലിയ ഭാരമായി തോന്നിയിരിക്കുന്നു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തന്റെ അടുക്കലേക്ക് തെരഞ്ഞെടുക്കുന്നു. താഴ്മയോടെ മടങ്ങുന്നവരെ അവങ്കലേക്കുള്ള മാർഗത്തിൽ നയിക്കുകയും ചെയ്യുന്നു" (42:13).

ഈ ആയത്തിലെ 'നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക' എന്നതിനെ മൗദൂദി തന്റെ താൽപര്യാനുസരണം വ്യാഖ്യാനിക്കുവാൻ ശ്രമിച്ചു. എന്നാൽ അത് പാഴ്ശ്രമം മാത്രമായിരുന്നു.

ഇമാം സഅ്ദി(റഹി) പറയുന്നു: "മതത്തിന്റെ എല്ലാ അടിസ്ഥാന നിയമങ്ങളും അതിന്റെ അനുബന്ധങ്ങളും നിങ്ങൾക്കായി നിലനിർത്തണം. മറ്റുള്ളവർക്കായി നിങ്ങൾ പരിശ്രമിക്കണം. നീതിയിലും ഭക്തിയിലും നിങ്ങൾ സഹകരിക്കുക, പാപത്തിലും അക്രമത്തിലും സഹകരിക്കരുത് എന്നും അവൻ നിങ്ങളോട് കൽപിച്ചു."

മതപരമായും പ്രാപഞ്ചികമായും അല്ലാഹു നടപ്പിലാക്കിയ വിധികളിൽ യാതൊരു പങ്കാളിയുമില്ലെന്നതും ആരാധനയാകുന്ന അനുസരണം മറ്റാർക്കും നൽകാൻ പാടില്ലെന്നതും പ്രമാണങ്ങൾ വ്യക്തമാക്കിയതാണ്.

അല്ലാഹു പറയുന്നു: "അവന്നു പുറമെ അവർക്ക് (മനുഷ്യർക്ക്) യാതൊരു രക്ഷാധികാരിയുമില്ല. തന്റെ തീരുമാനാധികാരത്തിൽ യാതൊരാളെയും അവൻ പങ്കുചേർക്കുകയുമില്ല" (18:26).

ഇമാം സഅ്ദി(റ) പറയുന്നു: "ഇതിൽ മുൻകൂട്ടി നിശ്ചയിച്ച പ്രാപഞ്ചികവും മതപരവുമായ നിയമം ഉൾപ്പെടുന്നു. കാരണം അവൻ സൃഷ്ടിയുടെയും വിധിയുടെയും അത് നടപ്പിലാക്കുന്നതിന്റെയും നിയന്ത്രണത്തിന്റെയും അധിപനാണ്. അവന്റെ കൽപനകൾക്കും വിലക്കുകൾക്കും പ്രതിഫലവും ശിക്ഷയും വിധിക്കുന്നവനുമാണ്."

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യവാക്യത്തിന്റെ അർഥം അല്ലാഹുവല്ലാതെ യഥാർഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ല എന്നാണല്ലോ. അല്ലാഹുവും മലക്കുകളും അറിവുള്ളവരും സാക്ഷിയായ ഈ കാര്യത്തെ ഓരോ വ്യക്തിയും നിർബന്ധമായും അറിഞ്ഞിരിക്കണം.

അല്ലാഹു പറയുന്നു: "ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ആരാധനക്കർഹനുമില്ലെന്ന് നീ മനസ്സിലാക്കുക" (47:19).

സഅ്ദി(റഹി) ഇതിന്റെ വിശദീകരണത്തിൽ പറഞ്ഞത് കാണുക: "അല്ലാഹു കൽപിച്ച, അവന്റെ ഏകത്വത്തെപ്പറ്റിയുള്ള ഈ അറിവ് ഓരോരുത്തർക്കും വ്യക്തിബാധ്യ

തയാണ്. അത് ആരിൽനിന്നും ഒഴിവാക്കപ്പെടാത്ത വിധം അനിവാര്യമാണ്.''

'ഇലാഹ്' എന്നതിനെ 'സംരക്ഷകൻ' എന്നതിൽ ഒതുക്കി സമസ്തക്കാർ മരണപ്പെട്ടവരോടു പ്രാർഥിക്കാനും സഹായം തേടാനും 'ന്യായം' കണ്ടെത്തി. 'അടിമത്തം,' 'അനുസരണം' എന്നീ അർഥങ്ങൾ നൽകി അനുസരിക്കപ്പെടുന്നവൻ അല്ലാഹു മാത്രമെന്ന് മൗദൂദിയും വാദിച്ചു.

ആരാധന അല്ലാഹുവിന് മാത്രമെന്ന ആശയത്തിൽനിന്ന് വേറിട്ടു സഞ്ചരിച്ച ഇരുവിഭാഗത്തിനും അവരുടെ പിഴവ് സ്പഷ്ടമായ തെളിവോടെ തുറന്നുകാണിച്ചവരാണ് തൗഹീദിന്റെ ഉറച്ച ശബ്ദങ്ങളായ കെ. എം. മൗലവി(റഹി)യും കെ. ഉമർ മൗലവി(റഹി)യും. അന്നത്തെ ജമാഅത്തെ ഇസ്‌ലാമി നേതാവായ ശൈഖ് മുഹമ്മദ് ഹുസൈനും സമസ്ത നേതാക്കളായ ഇ.കെ അബൂബക്കർ മുസ്‌ലിയാർ, എ.പി അബൂബക്കർ മുസ്‌ലിയാർ കാന്തപുരം എന്നിവർക്കും ഉമർ മൗലവി തന്റെ പുസ്തകം നേരിട്ട് അയച്ചുകൊടുത്തിട്ടുമുണ്ട്.

മൗദൂദി സാഹിബ് തന്റെ വിശ്വാസത്തെ വികസിപ്പിക്കാൻ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നതിന്റെ അർഥത്തിൽ വരുത്തിയ വലിയ മാറ്റം കാണുക: "നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹ് എന്ന പരിശുദ്ധ വാക്യം ഉച്ചരിച്ചുകൊണ്ട് മുസ്‌ലിംകളാണെന്നു പ്രഖ്യാപിക്കുമ്പോൾ എത്രയും ഗൗരവാവഹമായ ഒരു കരാറാണ് ചെയ്യുന്നത്. അതായത് ഇനി ഞങ്ങൾക്കുള്ള നിയമം അല്ലാഹുവിന്റെ നിയമം മാത്രമാണ്. അവനെ മാത്രമെ ഞങ്ങൾക്കിനി അനുസരിക്കേണ്ടതുള്ളൂ. അവന്ന് മാത്രമെ ഞങ്ങൾ കീഴ്വണങ്ങുകയുള്ളൂ. അവന്റെ വിശിഷ്ട ഗ്രന്ഥം മുഖേനയും പ്രവാചകൻ വഴിയായും അറിയപ്പെട്ടവ മാത്രമെ ഞങ്ങളുടെ അടുക്കൽ സത്യമുള്ളൂ എന്നൊക്കെയാണ് നിങ്ങൾ അല്ലാഹുവിന്റെയും ലോകത്തിന്റെയും മുമ്പിൽ സമ്മതിക്കുന്നത്. ചുരുക്കത്തിൽ നിങ്ങൾ മുസ്‌ലിംകളാകുന്നതിന്റെ അർഥം നിങ്ങളുടെ സ്വാതന്ത്ര്യത്തെ അല്ലാഹുവിന്നായി ബലികഴിക്കുകയും നിങ്ങളുടെ സകലകാര്യങ്ങളെയും അല്ലാഹുവിങ്കൽ അർപ്പിക്കുകയും ചെയ്യുകയെന്നാണ്. അതിന്നുശേഷം 'എന്റെ അഭിപ്രായം ഇതാണ്, ലോകസമ്പ്രദായവും പൂർവികാചാരവും ഇങ്ങനെയാണ്, ഇന്ന മഹാൻ പറഞ്ഞത് ഇപ്രകാരമാണ്' എന്നൊന്നും പറയുവാൻ നിങ്ങൾക്കധികാരമില്ല'' (ഖുതുബാത്ത്, പേജ് 37).

'ഇലാഹ്' എന്നതിനെ 'സംരക്ഷകൻ' എന്നതിൽ ഒതുക്കി സമസ്തക്കാർ മരണപ്പെട്ടവരോടു പ്രാർഥിക്കാനും സഹായം തേടാനും 'ന്യായം' കണ്ടെത്തി. 'അടിമത്തം,' 'അനുസരണം' എന്നീ അർഥങ്ങൾ നൽകി അനുസരിക്കപ്പെടുന്നവൻ അല്ലാഹു മാത്രമെന്ന് മൗദൂദിയും വാദിച്ചു. ആരാധന അല്ലാഹുവിന് മാത്രമെന്ന ആശയത്തിൽനിന്ന് വേറിട്ടു സഞ്ചരിച്ച ഇരുവിഭാഗത്തിനും അവരുടെ പിഴവ് സ്പഷ്ടമായ തെളിവോടെ തുറന്നുകാണിച്ചവരാണ് തൗഹീദിന്റെ ഉറച്ച ശബ്ദങ്ങളായ കെ. എം. മൗലവി(റഹി)യും കെ. ഉമർ മൗലവി(റഹി)യും

സാക്ഷ്യവാക്യത്തിലെ സംശയരഹിത വിശ്വാസത്തെയാണ് ഇദ്ദേഹം ചോദ്യം ചെയ്യുന്നത്. തൗഹീദിന്റെ മഹത്വം പഠിപ്പിച്ച പ്രമാണങ്ങൾ ശഹാദത്ത് കലിമക്ക് ഇത്തരമൊരു വ്യാഖ്യാനം പറഞ്ഞിട്ടില്ല. വാദത്തിനുവേണ്ടി ഇത് പരിഗണിച്ചാൽ ഉത്തമ തലമുറയിൽപെട്ടവരും അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരും ഏതു പട്ടികയിൽ വരും? 'ഇലാഹ്' എന്നതിന്റെ സമാനാർഥമായി 'അനുസരണം' എടുത്താൽ നബി(സ്വ)യെ അനുസരിക്കുകവഴി ശഹാദത്ത് പൊളിയില്ലേ? അല്ലാഹു അവനെമാത്രം ആരാധിക്കണമെന്ന് വിധിച്ചതിനുശേഷം മാതാപിതാക്കളെ അനുസരിക്കണമെന്ന് കൽപിച്ചത് കുഫ്‌റിന്റെ കൽപനയാകില്ലേ? അല്ലാഹു പറയുന്നു: "നിങ്ങളുടെ ആരാധ്യൻ ഏക ആരാധ്യൻ മാത്രമാകുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ'' (2:163).

ഇബ്‌നു കസീർ(റഹി) പറയുന്നു: "അത്യുന്നതനായ അല്ലാഹു ആരാധനകൊണ്ടുള്ള അവന്റെ ഏകത്വത്തെ അറിയിക്കുന്നു. അവന് തുല്യരോ പങ്കാളിയോ ഇല്ല. പരമകാരുണികനും കരുണാനിധിയുമായ ആരാധ്യനുമായിട്ടുള്ള, ഏകനും പരാശ്രയമുക്തനുമാണവൻ'' (തഫ്‌സീർ ഇബ്‌നു കസീർ).

ഇബാദത്തിനെ സമൂഹത്തിനു മുമ്പിൽ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ള ഈ പോക്ക് തൗഹീദിന്റെ വിഷയത്തിൽ ഭീമമായ അബദ്ധത്തിലേക്കാണ് കൊണ്ടെത്തിച്ചത്. മനസ്സിൽ തോന്നിയതെല്ലാം ആദർശമാക്കുകയും തെളിവുകൾ ബലപ്പെടുത്തിയതിനെ ഉൾക്കൊള്ളാതിരിക്കുകയും ചെയ്തതിന്റെ പരിണിത ഫലമായിരുന്നു അത്.

*(അവസാനിച്ചില്ല)*

നൂറുദ്ദീൻ സ്വലാഹി, വെട്ടത്തൂർ

# കപടവിശ്വാസികൾക്ക് ഭാരമേറിയ നമസ്കാരങ്ങൾ

**നബി(സ്വ) അരുളിയതായി അബൂ ഹുറയ്റ(റ) പറയുന്നു: "കപടവിശ്വാസികൾക്ക് ഏറ്റവും ഭാരമേറിയ നമസ്കാരം ഇശാഅ് നമസ്കാരവും സുബ്ഹി നമസ്കാരവുമാണ്" (മുസ്‌ലിം)**

മനുഷ്യൻ ചെയ്യുന്ന ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠതയുള്ളതും മുഖ്യമായതും നിർബന്ധമായതുമായ ഒന്നാണ് നമസ്കാരം. അല്ലാഹുവും അടിമയും തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്നതാണ് നമസ്കാരം. നമസ്കാരം ഉപേക്ഷിക്കുന്നവന് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല. നമസ്കാരത്തിലൂടെയാണ് വിജയം എന്ന് അല്ലാഹു അറിയിക്കുന്നു: "സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ"(ക്വുർആൻ 21:1-2). "നിശ്ചയമായും നമസ്കാരം മ്ലേഛവും നികൃഷ്ടവുമായ കാര്യങ്ങളിൽ നിന്നും മനുഷ്യനെ തടയുന്നു"(29:45).

നബി(സ്വ) മരണത്തിന്റെ നിമിഷങ്ങൾക്ക് മുമ്പ് പോലും സ്വഹാബികളെ ഉണർത്തിയത് 'നമസ്കാരം ശ്രദ്ധിക്കണേ' എന്നുപറഞ്ഞുകൊണ്ടായിരുന്നു. മരിക്കാൻ മൂന്ന് ദിവസം മാത്രം ബാക്കിയിരിക്കെ ഇശാഇന് വുദൂഅ് എടുത്ത് പള്ളിയിലേക്ക് പോകാൻ പുറപ്പെട്ടപ്പോൾ നബി (സ്വ)ക്ക് ബോധക്ഷയം സംഭവിച്ചു. ബോധം തെളിഞ്ഞപ്പോൾ ആദ്യമായി ചോദിച്ചത് 'ആഇശാ, ജനങ്ങൾ നമസ്കരിച്ചോ?' എന്നായിരുന്നു.

ഇത്രയും പ്രാധാന്യമുള്ള നമസ്കാരം നിർവഹിക്കുന്നവരിൽതന്നെ പലരും സുബ്ഹി, ഇശാഅ് നമസ്കാരങ്ങളിൽ അലംഭാവം കാണിക്കുന്നവരാണ്; അവ നിർവഹിക്കുകയാണെങ്കിൽ തന്നെ പള്ളിയിൽ പോയി ജമാഅത്തിൽ പങ്കെടുക്കാതെ വീട്ടിൽ വെച്ചു നിർവഹിക്കുന്നവരാണ്. ഉറക്കം, തണുപ്പ് പോലുള്ള കാര്യങ്ങളെ അവഗണിച്ച് അവ നിർവഹിക്കുക എന്നത് അടിയുറച്ച ഈമാനുള്ളവർക്കാണ് സാധ്യമാവുക.

മുകളിൽ കൊടുത്ത നബിവചനത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് കപടവിശ്വാസികളുടെ സ്വഭാവത്തിൽപെട്ടതാണ് സുബ്ഹി, ഇശാഅ് നമസ്കാരങ്ങളിൽ വീഴ്ചവരുത്തുന്നത് എന്നാണ്. വിശ്വാസികൾ ഈ വിഷയത്തിൽ നല്ല ജാഗ്രത പുലർത്തണമെന്നർഥം.

അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളിയതായി ഉസ്മാനുബ്നു അഫ്ഫാൻ(റ) പറയുന്നു: "ആരെങ്കിലും ഇശാഅ് നമസ്കാരം ജമാഅത്തായി നിർവഹിച്ചാൽ അവൻ പകുതി രാത്രി നമസ്കരിച്ചവനെ പോലെയാണ്. ആരെങ്കിലും സുബ്ഹി നമസ്കാരം ജമാഅത്തായി നിർവഹിച്ചാൽ രാത്രി പൂർണമായും നമസ്കരിച്ചവനെ പോലെയാണ്"(മുസ്‌ലിം).

നബി(സ്വ) അരുളിയതായി അബൂഹുറയ്റ(റ) പറയുന്നു: "ഉച്ചവെയിലിൽ ദ്വുഹ്ർ നമസ്കാരത്തിന് വേണ്ടി നടന്ന് പള്ളിയിലേക്ക് പോകുന്നതിന്റെ പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ അതിലേക്ക് അവർ മൽസരിക്കുമായിരുന്നു. ഇശാഅ്, സുബ്ഹി നമസ്കാരത്തിന്റെ പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ മുട്ടിലിഴഞ്ഞാണെങ്കിലും ശരി അവർ അതിന് ഹാജരാകുമായിരുന്നു"

സുബ്ഹി സമയത്ത് കാലിയായ പള്ളിയുടെയും അൽപസമയം കഴിഞ്ഞ് നിറഞ്ഞുകവിഞ്ഞ, തിരക്കുപിടിച്ച റോഡിന്റെ ചിത്രവും പങ്കുവെച്ച് ഒരാൾ എഴുതിയ കുറിപ്പ് ഓർമവരുന്നു:

"നാഥനുമായി അടുക്കേണ്ടതും അവനോട് കാര്യങ്ങൾ പങ്കുവെക്കേണ്ടതുമായ സമയത്ത് എല്ലാവരും ഉറക്കത്തിലാണ്; തന്റെ ഉപജീവനത്തിനുവേണ്ടി എത്തേണ്ടിടത്ത് കൃത്യസമയം പാലിക്കുന്നതിൽ എല്ലാവരും കണിശക്കാരാണ്."

വിഷമങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും മറനീങ്ങി സന്തോഷവും സമാധാനവും ജീവിതത്തിലേക്ക് ഇറങ്ങിവരാനുള്ള വഴിയാണ് നമസ്കാരം എന്നത് നാം മറക്കരുത്. സമയം കിട്ടുമ്പോൾ ചെയ്യേണ്ടതല്ല; സമയം കണ്ടെത്തി, മനസ്സാന്നിധ്യത്തോടെ, സന്തോഷപൂർവം നിർവഹിക്കേണ്ട ആരാധനയാണ് നമസ്കാരം ■

ഡോ. യാസ്മിൻ എം അബ്ബാസ്
പട്ടാമ്പി



# മൊബൈൽ അഡിക്ഷൻ കുഞ്ഞുങ്ങളുടെ ജീവനെടുക്കുമ്പോൾ

**തുടക്കത്തിൽതന്നെ വേണ്ടവിധം നിയന്ത്രിക്കപ്പെടാത്ത ഫോൺ ഉപയോഗം മക്കളെ പഠനത്തിൽ പുറകോട്ട് കൊണ്ടുപോയതു മാത്രമാണ് ആദ്യം ഒരു പ്രശ്നമായി പരിഗണിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കോവിഡ് കാലത്തിനുശേഷം ഓൺലൈൻ ക്ലാസ്സുകൾ അവസാനിപ്പിച്ച് സ്കൂളുകൾ പ്രവർത്തന സജ്ജമായതോടു കൂടി വിദ്യാർഥികൾക്ക് സ്വന്തമായി നൽകപ്പെട്ടിട്ടുള്ള ഫോണുകളുടെ ആവശ്യം യഥാർഥത്തിൽ ഇല്ലാതിരുന്നിട്ടുപോലും പല കാരണങ്ങളാൽ, അല്ലെങ്കിൽ തികച്ചും അശ്രദ്ധയാൽ കുട്ടികളിൽനിന്ന് മൊബൈൽ ഫോൺ വാങ്ങിവെക്കാത്തവരാണ് അധിക രക്ഷിതാക്കളും.**

ഏതാനും വർഷങ്ങൾക്കുമുമ്പ് മൊബൈൽ അഡിക്ഷനുമായി ബന്ധപ്പെട്ടുള്ള ആത്മഹത്യാവാർത്തകൾ നാം ഞെട്ടലോടെയായിരുന്നു കേട്ടിരുന്നത്. എന്നാൽ അടുത്തിടെയായി അത്തരം വാർത്തകൾ വളരെ സ്വാഭാവികമായ കാര്യമായി മാറിയതിനാൽ നമ്മിൽ ഞെട്ടലുളവാക്കുന്നില്ല. ഗെയിം അഡിക്ഷന്റെ ഭാഗമായോ മൊബൈൽ നൽകാത്തതിന്റെ പേരിലോ കുട്ടികൾ ആത്മഹത്യ ചെയ്യുന്ന വാർത്തകൾ നമ്മുടെ ചുറ്റുവട്ടത്തുവരെ എത്തിനിൽക്കുന്നു. മരണമെന്തെന്നുപോലും അറിയാത്ത കുഞ്ഞു മനസ്സുകൾ പോലും തങ്ങളുടെ വാശി തീർക്കാനുള്ള ആയുധമായി മരണത്തെ തിരഞ്ഞെടുക്കുമ്പോൾ അവർ ഇത് എവിടെനിന്ന് പഠിച്ചു എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

സ്വന്തം മക്കളുടെ ഫോൺ ഉപയോഗത്തെക്കുറിച്ച് മാതാപിതാക്കൾ ജാഗരൂകരാവേണ്ടത് എത്രത്തോളം അത്യന്താപേക്ഷിതമാണ് എന്ന് സമകാലീന ചുറ്റുപാടിൽനിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്.

കോവിഡ് കാലഘട്ടത്തിൽ ഓൺലൈൻ പഠനത്തിനായി കുട്ടികൾക്ക് സ്വന്തമായി മൊബൈൽ വാങ്ങിക്കൊടുത്തവരുണ്ട്. ചില രക്ഷിതാക്കൾ കുട്ടികൾക്ക് പഠിക്കാനായി തങ്ങളുടെ ഫോൺ കൊടുത്തിരുന്നു. ഓൺലൈൻ ക്ലാസ്സുകൾ കേൾക്കുന്നതിനു

പുറമെ മക്കളുടെ ഫോൺ ഉപയോഗം വീഡിയോ ഗെയിം, സോഷ്യൽ മീഡിയ തുടങ്ങിയ വിവിധ മേഖലകളിൽ വ്യാപിച്ചത് പല രക്ഷിതാക്കളും ശ്രദ്ധിച്ചില്ല, അറിഞ്ഞവരിൽ മിക്കവരും അത് വേണ്ടത്ര ഗൗരവത്തിലെടുക്കുകയുണ്ടായില്ല. തുടക്കത്തിൽതന്നെ വേണ്ടവിധം നിയന്ത്രിക്കപ്പെടാത്ത ഫോൺ ഉപയോഗം മക്കളെ പഠനത്തിൽ പുറകോട്ട് കൊണ്ടുപോയതു മാത്രമാണ് ആദ്യം ഒരു പ്രശ്നമായി പരിഗണിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കോവിഡ് കാലത്തിനു ശേഷം ഓൺലൈൻ ക്ലാസ്സുകൾ അവസാനിപ്പിച്ച് സ്കൂളുകൾ പ്രവർത്തനസജ്ജമായതോടു കൂടി വിദ്യാർഥികൾക്ക് സ്വന്തമായി നൽകപ്പെട്ടിട്ടുള്ള ഫോണുകളുടെ ആവശ്യം യഥാർഥത്തിൽ ഇല്ലാതിരുന്നിട്ടുപോലും പല കാരണങ്ങളാൽ, അല്ലെങ്കിൽ തികച്ചും അശ്രദ്ധയാൽ കുട്ടികളിൽനിന്ന് മൊബൈൽ ഫോൺ വാങ്ങിവെക്കാ ത്തവരാണ് അധിക രക്ഷിതാക്കളും.

സ്വന്തമായി കൈയിൽ മൊബൈൽ ഫോണുള്ള കുട്ടികളെ സംബന്ധിച്ചിടത്തോളം നിയന്ത്രിതമായി അത് ഉപയോഗിക്കുക എന്നത് സാധ്യമല്ലാത്ത കാര്യമാണ്. നിയന്ത്രിക്കേണ്ട രക്ഷിതാക്കൾതന്നെ സർവസ്വാതന്ത്ര്യവും നൽകുകയാണു ചെയ്യുന്നത്. രക്ഷിതാക്കൾക്ക് തങ്ങളുടെ മക്കളുടെ മൊബൈൽ ഫോൺ ഉപയോഗത്തെക്കുറിച്ച് സദാസമയം നോക്കിയിരിക്കുക എന്നത് സാധ്യമല്ല. അതുകൊണ്ടുതന്നെ വീഡിയോ ഗെയിമുകളിലേക്കും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലേക്കും കുട്ടികൾ വഴിമാറിപ്പോകുന്നത് അവർ അറിയാതെ പോകുന്നു.

ആത്മഹത്യ ചെയ്ത ഒരു കുട്ടിയുടെയും രക്ഷിതാക്കൾ തങ്ങളുടെ കുട്ടി സ്ക്രീൻ അഡിക്ഷനുമായി ബന്ധപ്പെട്ട് ആത്മഹത്യ ചെയ്യുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചവരാകില്ല. എന്നാൽ നമ്മുടെ കണ്ണ് എത്തുന്നതിനുമപ്പുറത്ത് നമ്മുടെ മക്കൾ എത്തിപ്പെടുന്നു എന്നത് വിസ്മരിക്കപ്പെടുന്നു. അതിനാൽ അവർ എത്തിപ്പെടുന്ന മാനസിക സംഘർഷങ്ങളെക്കുറിച്ചോ സോഷ്യൽ മീഡിയകളിൽ പതിയിരിക്കുന്ന ചതിക്കുഴികളെക്കുറിച്ചോ നമ്മൾ അശ്രദ്ധരാകുന്നു.

എല്ലാ രക്ഷിതാക്കളും തങ്ങളുടെ കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗത്തെക്കുറിച്ച് കൃത്യമായ ധാരണയുള്ളവരാകേണ്ടത് അനിവാര്യമാണ്. ആധുനിക കാലഘട്ടത്തിൽ കുട്ടികളുടെ കൈയിൽ മൊബൈൽ ഫോൺ തീരെ നൽകാതിരിക്കുക എന്നത് പ്രായോഗികമല്ല. എന്നാൽ മൊബൈൽ ഫോൺ എപ്പോൾ, എന്തിന്, എങ്ങനെ ഉപയോഗിക്കണം എന്നത് നാം തീരുമാനിക്കുകയും അതനുസരിച്ച് തിരിച്ചറിവോടുകൂടി നമ്മുടെ മക്കൾ അത് ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ കാര്യങ്ങൾ കൈവിട്ടുപോകില്ല.

> ആത്മഹത്യ ചെയ്ത ഒരു കുട്ടിയുടെയും രക്ഷിതാക്കൾ തങ്ങളുടെ കുട്ടി സ്ക്രീൻ അഡിക്ഷനുമായി ബന്ധപ്പെട്ട് ആത്മഹത്യ ചെയ്യുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചവരാകില്ല. എന്നാൽ നമ്മുടെ കണ്ണ് എത്തുന്നതിനുമപ്പുറത്ത് നമ്മുടെ മക്കൾ എത്തിപ്പെടുന്നു എന്നത് വിസ്മരിക്കപ്പെടുന്നു. അതിനാൽ അവർ എത്തിപ്പെടുന്ന മാനസിക സംഘർഷങ്ങളെക്കുറിച്ചോ സോഷ്യൽ മീഡിയകളിൽ പതിയിരിക്കുന്ന ചതിക്കുഴികളെക്കുറിച്ചോ നമ്മൾ അശ്രദ്ധരാകുന്നു

### രക്ഷിതാക്കൾ മാതൃകയാവുക

മൊബൈൽ അഡിക്ഷൻ എന്നത് ഇന്ന് പ്രായഭേദമന്യെയുള്ള ഒരു പ്രശ്നംതന്നെയാണ്. ആയതിനാൽ നമ്മുടെ കുട്ടികൾക്ക് മൊബൈൽ ഉപയോഗത്തിന്റെ നിയന്ത്രണത്തിന്റെ കാര്യത്തിൽ ഏറ്റവും നല്ല മാതൃക കാണിക്കേണ്ടത് രക്ഷിതാക്കൾ തന്നെയാണ്. സമയബന്ധിതമായി മൊബൈൽ ഫോൺ ഉപയോഗിക്കാൻ രക്ഷിതാക്കൾ ശീലിക്കുക. ഉപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കുക. തോണ്ടിയാൽ തീരാത്ത ഷോട്ടുകളും റീൽസുകളും കണ്ട് സമയം കളയാതിരിക്കാൻ ശ്രദ്ധിക്കുക. വീഡിയോ ഗെയിമുകൾ യാതൊരു കാരണവശാലും ഉപയോഗിക്കാതിരിക്കുക. ഒഴിവുകിട്ടുമ്പോളെല്ലാം മൊബൈൽ ഉപയോഗിക്കുന്ന പ്രവണത ഒഴിവാക്കുക. ഉപകാരപ്രദമായ മറ്റു കാര്യങ്ങൾക്കും ഒഴിവുസമയം വിനിയോഗിക്കുക. ഇങ്ങനെയൊക്കെ വീട്ടിലെ മുതിർന്നവർക്ക് കൊച്ചുകുട്ടികൾക്ക് മാതൃകയാകാൻ കഴിയും.

### നിയന്ത്രണത്തോടുകൂടി മൊബൈൽ ഫോൺ കുട്ടികൾക്ക് കൊടുക്കുക

മൊബൈൽ എന്തിനുവേണ്ടി ഉപയോഗിക്കാം, എത്ര

സമയം ഉപയോഗിക്കാം തുടങ്ങിയ കാര്യങ്ങളിൽ കൃത്യമായ മാർഗനിർദേശം നൽകുക. ഓരോ കുട്ടിയുടെയും പ്രായത്തിനനുസരിച്ച് ഉപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി മൊബൈൽ ഉപയോഗിക്കാൻ ശീലിപ്പിക്കുക. അലക്ഷ്യമായി എന്തെങ്കിലും കണ്ട് സമയം കളയുക എന്നതിലുപരി ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ച് വ്യത്യസ്തങ്ങളായ ആക്ടിവിറ്റികൾ സെലക്ട് ചെയ്തു കൊടുക്കുക. ഉദാഹരണമായി ടെക്നോളജി, ക്രാഫ്റ്റ്, ഫിഷിംഗ് തുടങ്ങിയ വ്യത്യസ്ത കാര്യങ്ങളിൽ അഭിരുചിയുള്ള കുട്ടികൾക്ക് അത്തരം ചാനലുകൾ സെലക്ട് ചെയ്തു കൊടുക്കാം. നിശ്ചിത സമയം കഴിയുമ്പോൾ ഫോൺ മാറ്റിവെച്ച് മറ്റു കാര്യങ്ങളിൽ ഇടപെടാൻ അവരെ ശീലിപ്പിക്കുക.

വീട്ടിൽ അതിഥികളുള്ള വേളകളിലും പുറത്തുപോകുന്ന സമയങ്ങളിലും യാതൊരു കാരണവശാലും മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കാതിരിക്കുക. ഇത് അവരെ ചുറ്റുപാടു



കൾ മനസ്സിലാക്കാനും മറ്റുള്ളവരുമായി നല്ലരീതിയിൽ ഇടപഴകുന്നത് ശീലിക്കാനും സഹായിക്കും. നല്ലൊരു വ്യക്തിത്വ രൂപീകരണത്തിന് ഇത് കാര്യമായ പങ്കുവഹിക്കും.

## ഇതര മേഖലകളിൽ ഇടപെടുത്തുക

കുട്ടികൾ പൊതുവെ സദാസമയം എന്തെങ്കിലും കാര്യങ്ങളിൽ ഇടപെടാൻ ഇഷ്ടപ്പെടുന്നവരാണ്. അടങ്ങിയിരിക്കുക എന്നത് അവർക്ക് വളരെ പ്രയാസകരമാണ്. എന്നാൽ പല രക്ഷിതാക്കളും അടക്കി യിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ ഫോൺ നൽകുന്നത്. ഇതിനു പകരം അവരുടെ ശ്രദ്ധ മറ്റു പല മേഖലകളിലേക്കും നമുക്ക് കൊണ്ടുപോകാം. കുട്ടികളുടെ പ്രായമനുസരിച്ച് വിവിധ കളിപ്പാട്ടങ്ങൾ നൽകാം, കലാകായിക രംഗങ്ങളിൽ പരിശീലനം നൽകിയും അവരുടെ തനതായ കഴിവുകളെ പ്രോത്സാഹിപ്പിക്കാം.

ഇതൊക്കെ മൊബൈൽ ഫോൺ ഉപയോഗം കുറക്കും എന്നതിലുപരി, കുട്ടികളുടെ പഠന-പാഠ്യേതര മേഖലകളിൽ ഉന്നതികളിലെത്താനും അവരെ സഹായിക്കും.



സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഏറെ അത്യാവശ്യമായി വേണ്ട ഒരു സ്വഭാവമാണ് ഔചിത്യബോധം. അറിവുകൊണ്ടോ ആത്മാർഥതയുള്ളതുകൊണ്ടോ ലഭ്യമാകുന്ന ഒന്നല്ല അത്. ചെയ്യുന്ന ജോലിയെപ്പറ്റിയും നിൽക്കുന്ന സ്ഥാനത്തെപ്പറ്റിയും ജീവിക്കുന്ന പരിസരത്തെപ്പറ്റിയുമുള്ള തിരിച്ചറിവാണ് അതിന്നാവശ്യമായത്. ദഅ്‌വാരംഗത്ത് പ്രത്യേകമായും ഇത് ഏറെ അനിവാര്യമാണ്. കാരണം, പലവിധ ധാരണകളും വിശ്വാസങ്ങളും വിചാരങ്ങളും വികാരങ്ങളുമുള്ള മനുഷ്യരെ നേരിന്റെ വഴിയിലേക്ക് വരുത്താനുള്ളതാണ് ദഅ്‌വത്ത്. സന്ദർഭങ്ങളും സാഹചര്യങ്ങളും പരിഗണിക്കേണ്ടത് ഈ രംഗത്ത് അത്യാവശ്യമാണ്.

ഇസ്‌ലാമിക സംസ്‌കാരത്തിൽ ഔചിത്യബോധത്തിന് വലിയ പരിഗണന കൊടുത്തതായി കാണാം. സ്വഹാബികൾക്കിടയിലെ മുതിർന്ന കാരണവരും മഹാപണ്ഡിതനുമായിരുന്ന മുആദുബ്നു ജബലി(റ) നെ ബനൂസലമക്കാരുടെ മസ്ജിദിലേക്ക് നമസ്കാരത്തിന് ഇമാമായി നബി(സ്വ) നിയോഗിച്ചു. നബി(സ്വ) യോടൊപ്പം നമസ്കരിച്ചു ശീലിച്ച മുആദ്(റ) നബി(സ്വ) ചെയ്യാറുള്ളതുപോലെ, അൽബഖറ പോലുള്ള ദീർഘമായ

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
: 9947452245

# ഔചിത്യബോധം



അധ്യായങ്ങൾ ഓതിക്കൊണ്ട് നമസ്കരിച്ചപ്പോൾ അങ്ങനെ ശീലമില്ലാത്ത, കർഷകരും മറ്റുമായ ജനങ്ങൾക്ക് അത് പ്രയാസമായി. അവരുടെ കൂട്ടത്തിലൊരാൾ നമസ്കാരത്തിൽ ഇമാമിൽനിന്ന് വേറിട്ട് നമസ്കരിച്ചു പൂർത്തിയാക്കി. ഈ വിഷയം മുആദ്(റ) അറിഞ്ഞപ്പോൾ, അദ്ദേഹം അയാളെ തെറ്റിദ്ധരിച്ച് കപടവിശ്വാസിയാണെന്നുവരെ പറഞ്ഞുപോയി. ഒരു ജമാഅത്ത് നടക്കുമ്പോൾ വിശ്വാസികൾ അതിൽ ചേരാതിരിക്കുകയില്ലല്ലോ എന്നാണ് മുആദ് (റ) കരുതിയത്. ഇതറിഞ്ഞപ്പോൾ ആ വേറിട്ടു നമസ്കരിച്ച വ്യക്തി നബി(സ്വ)യുടെ അടുത്തുചെന്ന് പരാതി പറഞ്ഞു. കൃഷിയിലേക്ക് വെള്ളം കോരി നനച്ചു കഠിനാധ്വാനം ചെയ്യുന്ന ഞങ്ങൾക്ക് ഇത്ര ദൈർഘ്യമുള്ള നമസ്കാരം പ്രയാസമാണെന്ന് അയാൾ നബി(സ്വ)യെ അറിയിച്ചു. നബി(സ്വ) ഉടൻ മുആദി(റ)നെ വിളിച്ച് ഗൗരവ സ്വരത്തിൽ ആക്ഷേപിച്ചു. 'ജനങ്ങളെ ബുദ്ധിമുട്ടിക്കരുത്' എന്ന് ഉപദേശിച്ചു. ഇത്തരം സാഹചര്യങ്ങളിൽ ചെറിയ സൂറത്തുകളേ ഓതാവൂ എന്നുകൂടി പഠിപ്പിച്ചുകൊടുത്ത്. എന്നിട്ട് അവിടുന്നു പറഞ്ഞു: "താങ്കളുടെ പിന്നിൽ വൃദ്ധന്മാരും ദുർബലരും അത്യാവശ്യക്കാരും യാത്രക്കാരുമെല്ലാം ഉണ്ടാകുമല്ലോ" (അബൂദാവൂദ്).

നമസ്കാരത്തിൽ ദീർഘമായ സൂറത്തുകൾ ഓതവേ സ്ത്രീകളോടൊപ്പം ജമാഅത്തിന്റെ സമയത്ത് പള്ളിയിലെത്തിയ കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കുമ്പോൾ ഞാൻ പാരായണം ചുരുക്കുമായിരുന്നുവെന്ന് നബി(സ്വ) തന്നെ പറഞ്ഞ സംഭവം ബുഖാരി റിപ്പോർട്ടു ചെയ്തത് കാണാം. ആരാധനാകർമങ്ങളിലും ഔചിത്യബോധം പ്രധാനമാണെന്നു സാരം. പറയുന്ന വിഷയങ്ങളുടെ പ്രസക്തി, രീതി, ശ്രോതാക്കളുടെ മാനസികാവസ്ഥ, സന്ദർഭോചിതം, ജനങ്ങളിലെത്തിക്കേണ്ട വിഷയങ്ങളുടെ മുൻഗണനാക്രമം, ദൈർഘ്യം... എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങൾ നാം ശ്രദ്ധിക്കണം. തിരക്കുപിടിച്ച പട്ടണങ്ങളിലെ പള്ളികളിൽ ഖുത്വുബ നിർവഹിക്കുമ്പോൾ അവതരിപ്പിക്കുന്ന വിഷയത്തോളം പ്രധാനമാണ് സമയം. യാത്രക്കാരും അത്യാവശ്യക്കാരും അക്കൂട്ടത്തിലുണ്ടാകുമെന്ന് മേൽഹദീസിൽ സൂചിപ്പിച്ചത് അതാണ്.

സോഷ്യൽ മീഡിയയുടെ സ്വാധീനം വർധിച്ച ഇക്കാലത്ത് നമ്മുടെ ശ്രോതാക്കൾ മുന്നിൽ കാണുന്നവർ മാത്രമല്ലല്ലോ. നമ്മുടെ വാക്കുകളും പ്രവൃത്തികളും ഓരോ ചലനവും കാലങ്ങളോളം അവശേഷിക്കുമെന്നോർക്കണം. പണ്ട് നാം ഒരബദ്ധം പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ ദിവസങ്ങൾകൊണ്ട് അവയെല്ലാം വിസ്മരിക്കപ്പെടുമായിരുന്നു. ഇന്ന് അതല്ല സ്ഥിതി, നാം ചെയ്യുന്ന നന്മകൾപോലെ അബദ്ധങ്ങളും തലമുറകൾ കൈമാറിക്കൊണ്ടിരിക്കുമെന്ന് ഓർക്കുക.

ഒരു ഭാഗത്ത് വർഗീയ ഫാഷിസം, ധാർമിക മതമൂല്യങ്ങളെ തമസ്കരിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ, ഒരേ സമുദായത്തിൽതന്നെയുള്ള അഭിപ്രായാന്തരങ്ങൾ... ഇവയൊക്കെ പരസ്പരം കൊമ്പുകോർക്കുന്നതാണ് നാം കാണുന്നത്. അപരന്റെ കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ തക്കം നോക്കിയിരിക്കുന്ന കണ്ണുകളും ക്യാമറകളും വർധിച്ചുകൊണ്ടിരിക്കുന്നു. എല്ലാം നിരീക്ഷിച്ചു കൊണ്ടിരിക്കുന്ന റബ്ബ് മുകളിലുമുണ്ട്. ഇതെല്ലാം ഓർത്തുകൊണ്ട് വേണം സാമൂഹ്യരംഗത്ത് ഇടപെടാൻ. അല്ലാഹു സഹായിക്കട്ടെ.

ആശയവിവർത്തനം:
റാഷിദ ബിൻത് ഉസ്മാൻ



# നല്ല മനസ്സ്

പരീക്ഷയെല്ലാം കഴിഞ്ഞതിന്റെയും സ്കൂൾ പൂട്ടിയതിന്റെയും സന്തോഷത്തിൽ കുറെ കുട്ടികൾ പുഴയുടെ തീരത്ത് കളിച്ചുകൊണ്ടിരിക്കുകയാണ്. കൂട്ടത്തിൽ ഇർഫാൻ എന്ന് പേരുള്ള വികൃതിക്കുട്ടിയുണ്ട്. ഏതൊരു ജീവിയെ കണ്ടാലും കല്ലെടുത്തെറിഞ്ഞും മറ്റും ഉപദ്രവിക്കുന്ന സ്വഭാവക്കാരനാണവൻ. അതിനാൽ ആർക്കുമവനെ ഇഷ്ടമില്ല.

കൂട്ടുകാർ ഏർപെട്ടിരിക്കുന്ന കളിയിലൊന്നും അവന് താൽപര്യമില്ല.

“ഇതൊക്കെ ബോറൻ കളിയാണ്. നമുക്ക് വേറെ വല്ല രസകരമായ കളിയും കളിക്കാം.” ഇർഫാൻ പറഞ്ഞു.

പലരും പല കളികളും നിർദേശിച്ചു. അതൊന്നും അവന് പറ്റിയില്ല. ഒടുവിൽ അവൻ അവനെ പോലെ ചിന്തിക്കുന്ന കുറച്ച് കുട്ടികളെ കൂടെക്കൂട്ടി. നമുക്ക് ഒരു തമാശക്കളി കളിക്കാം എന്ന് അവർ തീരുമാനിച്ചു.

മറ്റു കുട്ടികളെല്ലാം ഇനി എന്ത് കളിയാണ് ഇവർ കളിക്കാൻ പോകുന്നതെന്ന് അറിയാൻ ആകാംക്ഷയോടെ നോക്കിനിന്നു.

ഇർഫാൻ ഒരു കൂട്ടുകാരന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു. അവൻ ചിരിച്ചുകൊണ്ട് തലകുലുക്കി. അവൻ അത് തന്റെ അടുത്ത് നിൽക്കുന്നവന്റെ ചെവിയിൽ പറഞ്ഞു. അങ്ങനെ അവരെല്ലാവരും സ്വകാര്യമായി അത് മനസ്സിലാക്കി. ഇവർക്ക് എന്താണിത്ര രഹസ്യമായി പറയാനുള്ളത് എന്നറിയാതെ മറ്റുള്ളവർ പരസ്പരം നോക്കി.

പെട്ടെന്ന് ഇർഫാനും കൂട്ടുകാരും ചേർന്ന് തെല്ലകലെ മാറിനിൽക്കുകയായിരുന്ന അലി എന്ന കുട്ടിയെ പിടികൂടി പുഴയിലേക്ക് തള്ളിയിട്ടു. നീന്തലറിയാത്ത അലി വെള്ളത്തിൽ മുങ്ങിപ്പൊങ്ങിക്കൊണ്ടിരുന്നു. അവൻ നീന്താൻ ശ്രമിച്ചു നോക്കുന്നുണ്ട്. പക്ഷേ, കഴിയുന്നില്ല. അവൻ സഹായത്തിനായി ആർത്തുകരഞ്ഞു. അതു കണ്ട് ഇർഫാനും കൂട്ടാളികളും ചിരിക്കുകയാണ്.

താമസിയാതെ അവൻ വെള്ളത്തിൽ മുങ്ങിത്താണ് ഒഴുകിപ്പോകും. എന്തു ചെയ്യണമെന്നറിയാതെ മറ്റു കുട്ടികളും കരയാൻ തുടങ്ങി. ഇർഫാനും കൂടെയുള്ളവരും കൈകൊട്ടി ചിരിക്കുകയാണ്. വെള്ളത്തിൽ ചാടി രക്ഷപ്പെടുത്താൻ ശ്രമിച്ചാൽ ഇർഫാന്റെ പക്കൽനിന്ന് അടി വാങ്ങേണ്ടി വരും. അതിനാൽ ആർക്കും അതിന് ധൈര്യം വരുന്നില്ല. ഇർഫാൻ എപ്പോഴും ശത്രുവായി കണ്ടിരുന്ന കുട്ടിയാണ് നിഹാൽ. ഇർഫാനോട് ഏറ്റുമുട്ടാൻ ധൈര്യമുള്ള കുട്ടി. അവൻ കൂടുതലൊന്നും ആലോചിക്കാതെ പുഴയിലേക്ക് എടുത്തുചാടി. നീന്തിച്ചെന്ന് അലിയെ പിടിച്ച് കരയിലെത്തിച്ചു. അലി വെള്ളം കുടിച്ച് അവശനായിരുന്നു.

കുട്ടികൾ അവരുടെ ചുറ്റും കൂടി. അവർ നിഹാലിന്റെ ധീരതയെ അഭിനന്ദിച്ചു. ഇർഫാനും കൂടെയുള്ളവരും പെട്ടെന്ന് സ്ഥലം വിട്ടു. അതുവഴി വന്ന ഒരാൾ കുട്ടികൾ കൂടിനിൽക്കുന്നതു കണ്ട് കാര്യം അന്വേഷിച്ചു. അവർ നടന്ന കാര്യം വിവരിച്ചു. അയാൾ നിഹാലിന്റെ ചുമലിൽ കൈ വെച്ചുകൊണ്ട് പറഞ്ഞു: “മോനേ, നീ ചെയ്തത് വളരെ നല്ലൊരു പ്രവർത്തനമാണ്. ഒരു ജീവനെയാണ് നീ രക്ഷിച്ചത്. ഒരു മുസ്‌ലിം മറ്റുള്ളവരെ ഉപദ്രവിക്കുന്നവനല്ല, സഹായിക്കുന്നവനായിരിക്കണം. അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ.”


WISDOM BOOKS
പുറത്തിറങ്ങി..!!!
₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ
WISDOM BOOKS
ആരാധനകളുടെ ആത്മാവ്
ഇമാം ഇബ്നുൽ ഖയ്യിം
വിവ: ശമീർ മദീനി
WISDOM BOOKS
പ്രകാശം പരത്തിയ പ്രവാചകന്മാർ
ഭാഗം 5
الشيخ حسين السلفي
ഹുസൈൻ സലഫി
أُولَٰئِكَ الَّذِينَ هَدَى اللَّهُ ۖ فَبِهُدَاهُمُ اقْتَدِهْ
WISDOM BOOKS
വിശ്വാസത്തിന്റെ അടിത്തറകൾ
ഭാഗം 2
ഉമർ കോയ മദീനി
CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
03 FEBRUARY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




യുവത്വം
നിർവചിക്കപ്പെടുന്നു

കേരള
യൂത്ത്
കോൺഫറൻസ്

WISDOM YOUTH

2024
ഫെബ്രുവരി 10 11
മലപ്പുറം

peaceradio Tune to reality
zameel the soulmate
DIALOGUE TV

9061 266 266 wisdomyouth

Wisdom Islamic Youth Organisation,
CV Complex, PV Swami Road, Calicut-2